**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5071** **04-07-2024 - ൽ മറുപടിയ്ക്ക്**

**കാർത്തികേയൻ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കാർത്തികേയൻ കമ്മീഷൻ രൂപീകരിക്കപ്പെട്ടത് എന്നാണ്; പ്രസ്തുത കമ്മീഷനിൽ ആകെ എത്ര അംഗങ്ങളുണ്ട്; അംഗങ്ങൾ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 22-12-2022 തീയതിയിലാണ് കാർത്തികേയൻ നായർ ചെയർമാനായ കമ്മിറ്റി രൂപീകരിച്ചത്.<br><br>കമ്മിറ്റി അംഗങ്ങൾ.<br><br>1. പ്രൊ.വി.കാർത്തികേയൻ നായർ<br><br>(മുൻ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം) - ചെയർമാൻ<br><br>2. ശ്രീ. ബി.അബുരാജ് (ഡയറക്ടർ, SIET) - കമ്മിറ്റി അംഗം<br><br>3. ഡോ.പി.എം. അനിൽ- കമ്മിറ്റി അംഗം<br><br>(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, കോഴിക്കോട്)<br><br>4. ശ്രീ.അശോക് കുമാർ- കമ്മിറ്റി അംഗം<br><br>(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, ചെങ്ങന്നൂർ)<br><br>5. ശ്രീ. ആർ സുരേഷ് കുമാർ- മെമ്പർ സെക്രട്ടറി<br><br>(ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി) |
| (ബി) | കമ്മീഷൻ എന്തെല്ലാം വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാനാണ് സർക്കാർ നിർദേശിച്ചിരുന്നത്; നാളിതുവരെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി വിവിധ ഇനങ്ങളിലായി ഓഫീസ് ചെലവുകൾ ഉൾപ്പെടെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്; | (ബി) | 1. വിദ്യാർത്ഥികൾ കുറവുള്ള ഹയർ സെക്കന്ററി ബാച്ചുകൾ ഉണ്ടെങ്കിൽ സ്വീകരിക്കേണ്ടതായ നടപടികൾ<br><br>2. നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സ് കോമ്പിനേഷനുകളിൽ പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് മാറ്റങ്ങൾ ആവശ്യമുണ്ടോയെന്നത് സംബന്ധിച്ച കാര്യങ്ങൾ<br><br>3. സ്ഥിരമായി അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളതും വിദ്യാർത്ഥികളുടെ എണ്ണം തീരെ |

| | | | |
|---|---|---|---|
| | | | കുറഞ്ഞതുമായ ബാച്ചുകളിലും കോഴ്സ് കോമ്പിനേഷൻ മാറേണ്ടതുണ്ടെങ്കിൽ അത്തരം ബാച്ചുകളിലും സ്വീകരിക്കേണ്ട നടപടികൾ<br><br>4. പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നതും പുതുതായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടോയെന്നതും സംബന്ധിച്ച്<br><br>5. ഇതുവരെ തസ്തിക നിർണ്ണയം നടത്തിയിട്ടില്ലാത്ത ബാച്ചുകൾ നിലനിൽക്കുന്ന സ്കൂളുകളിൽ സ്വീകരിക്കേണ്ട നടപടികൾ<br><br>6. താൽക്കാലിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിലും ബാച്ചുകൾ ട്രാൻസ്ഫർ ചെയ്ത് ലഭിച്ച സ്കൂളുകളിലുമുള്ള അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചും ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചും<br><br>7. ഏകജാലക പ്രവേശന രീതികളിൽ മാറ്റങ്ങളാവശ്യമുണ്ടോയെന്നത് സംബന്ധിച്ചും<br><br>8. ഹയർ സെക്കന്ററി അൺ എയ്ഡഡ് സ്കൂളുകളിലെ ബാച്ചുകൾ പുനക്രമീകരിക്കേണ്ടതുണ്ടോയെന്നും, പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും, സ്കൂളുകൾ നിർത്തലാക്കുക അഥവാ പുതുതായി അനുവദിക്കുക എന്നത് സംബന്ധിച്ചും, എയ്ഡഡ് സ്കൂളുകളിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകൾ തുടരേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും.<br><br>നിലവിൽ സർക്കാരിൽ നിന്നും തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല |
| (സി) | പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്; റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | കമ്മീഷന്റെ റിപ്പോർട്ട് 20/09/2023 ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. |
| (ഡി) | കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

-e-76264[redacted]2
21/9/23

ഭരണ ഭാഷ-മാതൃഭാഷ


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിദ്യാഭ്യാസം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം

ഇമെയിൽ- jdacad@gmail.com
ഫോൺ നമ്പർ-0471-2323198


നം.എസിഡി.സി3/676/2023ഡി.ജി.ഇ/എച്ച്.എസ്.ഇ

തീയ്യതി- 9/06/2023

ജോയിന്റ് ഡയറക്ടർ(അക്കാദമിക്) & മെമ്പർ സെക്രട്ടറി
ഹയർസെക്കന്ററി ബാച്ച് പുനഃക്രമീകരണ കമ്മിറ്റി

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- പൊ.വി.വ:-ഹ.സെ.വി- ബാച്ച് പുനഃക്രമീകരണ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന :- സ.ഉ.(സാധാ)നം.8329/2022/G.Edn. തീയതി 22/12/2022 നമ്പർ സർക്കാർ ഉത്തരവ്.

മേൽ സൂചന പ്രകാരം ഹയർ സെക്കന്ററിയിൽ ബാച്ചുകൾ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ ക്രമീകരണം നടത്തുന്നതിനു വേണ്ടി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഉത്തരവായിരുന്നു. ശ്രീ. കാർത്തികേയൻ നായർ ചെയർമാനും ഹയർ സെക്കന്ററി അക്കാദമിക് ജോയിന്റ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ 5 അംഗങ്ങൾ ഉൾക്കൊള്ളുന്ന കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് മേൽ നടപടികൾക്കായി ഇതിനോടൊപ്പം സമർപ്പിക്കുന്നു.

മേൽ റിപ്പോർട്ടിലെ കോമ്പിനേഷൻ ചെയ്യുമായി ബന്ധപ്പെട്ട പേജ് 25-ലെ ഡാറ്റയിൽ വ്യത്യാസമുള്ളതിനാൽ ആയതിന്റെ പുതുക്കിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു. മുൻ വർഷത്തെ അഡ്മിഷൻ കണക്കുകൾ വച്ച് ഗവൺമെന്റ്, എയ്ഡഡ് ബാച്ചുകളിലേയും, അൺ എയ്ഡഡ് ബാച്ചുകളിലേയും ശരാശരി അഡ്മിഷൻ സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,


ജോയിന്റ് ഡയറക്ടർ(അക്കാദമിക്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

# ഹയർസെക്കന്ററി ബാച്ച്
# പുനഃക്രമീകരണം സംബന്ധിച്ച പഠന റിപ്പോർട്ട്

## പ്രൊഫ. വി. കാർത്തികേയൻ നായർ കമ്മിറ്റി

(സ.ഉ.(സാധാ)നം. 8329/2022 -പൊ.വി.വ.

തീയതി 22/12/2022 പ്രകാരം)



**മേയ് 2023**

# ഹയർസെക്കന്ററി ബാച്ച് പുനക്രമീകരണം സംബന്ധിച്ച പഠനറിപ്പോർട്ട്

പ്രൊഫ. വി. കാർത്തികേയൻനായർ കമ്മിറ്റി

(സ.ഉ.(സാധാ)നം. 8329/2022- പൊ.വി.വ. തീയതി 22/ 12/ 2022)

മേയ് 2023

സ.ഉ.(സാധാ)നം. 8329/2022- പൊ.വി.വ. തീയതി 22/ 12/ 2022 പ്രകാരം രൂപീകരിച്ച, ഹയർസെക്കന്ററി മുൻഡയറക്ടർ പ്രൊഫ. വി.കാർത്തികേയൻനായർ ചെയർമാനും ഹയർസെക്കന്ററി ജോയിന്റ്ഡയറക്ടർ ശ്രീ.ആർ.സുരേഷ് കുമാർ മെമ്പർസെക്രട്ടറിയുമായ കമ്മിറ്റി ജനപ്രധിനിധികൾ, സ്കൂൾമാനേജർമാർ, പി.ടി.എ.കൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, അധ്യാപകസംഘടനകൾ തുടങ്ങിയവരിൽ നിന്ന് അപേക്ഷകളും നിർദേശങ്ങളും ഓഫീസിൽ സ്വീകരിക്കുകയും തുടർന്ന് കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ സിറ്റിംഗ് നടത്തി ആവശ്യങ്ങൾ വിലയിരുത്തുകയും ചെയ്യുകയുണ്ടായി. റിപ്പോർട്ട് ചർച്ചക്കായി തിരുവനന്തപുരംസീമാറ്റ് ആസ്ഥാനത്ത് മൂന്നുതവണ കമ്മിറ്റിയംഗങ്ങൾ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റിയംഗങ്ങൾ മാത്രമായും ആർ.ഡി.ഡി.മാരെയും ജില്ലാകോർഡിനേറ്റർമാരെയും പങ്കെടുപ്പിച്ചുകൊണ്ടും ഓൺലൈൻ ആയി അഞ്ച് മീറ്റിങ്ങുകൾ നടത്തുകയുണ്ടായി. കൃത്യമായ ഡാറ്റകൾക്ക് ഐ.സി.ടി.സെല്ലിന്റെ സേവനം പലതവണ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വിശകലനങ്ങൾക്ക് ശേഷം തയ്യാറാക്കിയ റിപ്പോർട്ട് ഇതിനാൽ സർക്കാരിന് സമർപ്പിക്കുന്നു.

ആർ. സുരേഷ് കുമാർ

(മെമ്പർ സെക്രട്ടറി)

16/5/2023

പ്രൊഫ. വി. കാർത്തികേയൻനായർ

(ചെയർമാൻ)

# ഉള്ളടക്കം


| ക്രമനമ്പർ | പേജ് നമ്പർ |
| --- | --- |
| 1. ഹയർസെക്കന്ററി ബാച്ചുകളെ സംബന്ധിച്ച പൊതുവിലയിരുത്തൽ | 4 |
| 2. മാർജിനൽസീറ്റ് വർധനവ് | 11 |
| 3. ഷിഫ്റ്റ് ചെയ്യേണ്ടതായ ബാച്ചുകൾ. | 14 |
| 4. താൽക്കാലിക അഡീഷണൽ ബാച്ചുകൾ | 16 |
| 5. ഹൈസ്കൂളുകളിൽ പുതിയ ബാച്ചുകൾ | 22 |
| 6. വിഷയകോമ്പിനേഷൻ മാറ്റിനൽകേണ്ടതായ ബാച്ചുകൾ | 25 |
| 7. എയിഡഡ് സ്കൂളുകളിലെ അൺ എയിഡഡ് ബാച്ചുകൾ | 27 |
| 8. ഉപഭാഷ സംബന്ധിച്ച ആവശ്യകത | 28 |
| 9. വിദ്യാർഥികൾ കുറഞ്ഞ എയിഡഡ് ബാച്ചുകൾ | 29 |
| 10. ഏകജാലകപ്രവേശനത്തിൽ വരുത്തേണ്ടതായ മാറ്റങ്ങൾ | 31 |
| 11. അനുബന്ധ നിർദേശങ്ങൾ | 35 |
| 12. ഹയർസെക്കന്ററി പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി | 39 |
| അനുബന്ധം: സർക്കാർ ഉത്തരവിന്റെ പകർപ്പ് | 41 |

# ഹയർസെക്കന്ററിബാച്ചുകളുടെ പുനക്രമീകരണവും അസന്തുലിതവസ്ഥയുടെ പരിഹാരവും സംബന്ധിച്ച റിപ്പോർട്ട് (2023)

കോത്താരികമ്മീഷൻ (1966) ശുപാർശയും തുടർന്നുള്ള 1986ലെ പുതിയവിദ്യാഭ്യാസ നയവുമാണ് കേരളത്തിൽ സർവകലാശാല വിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്ന പ്രീഡിഗ്രി കോഴ്സിനെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടമായി മാറ്റുന്നതിന് കാരണമായത്. കേരളത്തിൽ ഹയർസെക്കറിന്ററി വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് 1990ലാണ്. 31 വിദ്യാഭ്യാസജില്ലയിലായി ഓരോ സർക്കാർ സ്കൂളിലാണ് ഹയർസെക്കന്ററിബാച്ചുകൾ ആരംഭിച്ചത്. 16 സയൻസ് ബാച്ചുകളും 15ഹ്യുമാനിറ്റീസ് ബാച്ചുകളുമാണ് അന്നനുവദിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ സ്കൂളുകൾക്കൊപ്പം എയിഡഡ് സ്കൂളുകളിലും ബാച്ചുകൾ അനുവദിച്ചു. പ്രീഡിഗ്രി നിർത്തലാക്കൽ നിയമം 1997ൽ നിയമസഭ അംഗീകരിക്കുകയും തുടർന്ന് 1998ൽ പ്രീഡിഗ്രി കോളേജുകളിൽ നിന്ന് പൂർണമായും ഡീലിങ്ക് ചെയ്തുകൊണ്ട് ഹയർസെക്കന്ററിവിദ്യാഭ്യാസം വ്യാപകമാക്കുകയും ചെയ്തു. പ്രീഡിഗ്രി കോഴ്സ് നിലവിലുണ്ടായിരുന്നപ്പോൾ ഏകദേശം 1,25,000 സീറ്റുകളാണ് കേരളത്തിലെല്ലായിടത്തുമായി സർക്കാർ, എയിഡഡ് കോളേജുകളിൽ നിലവിലുണ്ടായിരുന്നത്. സർവകലാശാലകളിലെ വിദൂരപഠനസംവിധാനത്തിലൂടെ 75000ത്തിൽപ്പരം പാരലൽ വിദ്യാർത്ഥികളും പ്രീഡിഗ്രിക്ക് പഠിച്ചിരുന്നു.

പ്രീഡിഗ്രി ഡീ ലിങ്ക് ചെയ്തപ്പോൾ ഹയർസെക്കന്ററിക്ക് ബാച്ചുകൾ അനുവദിച്ചത് പത്താംക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് പ്രാദേശികഅനുപാതം കണക്കിലെടുത്തായിരുന്നില്ല. പ്രീഡിഗ്രിക്ക് കൂടുതൽ ബാച്ചുകൾ നിലവിലുണ്ടായിരുന്ന കോളേജുകൾക്കടുത്തായിട്ടുള്ള സ്കൂളുകളിലാണ് കൂടുതൽബാച്ചുകൾ ലഭിച്ചത്. കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കോളേജുകളിൽ നിന്ന് വേർപെടുത്തിയ പ്രീഡിഗ്രി ബാച്ചുകൾ പരിഗണിച്ച് അവരുടെ പലഭാഗത്തുള്ള സ്കൂളുകളിൽ ഹയർസെക്കന്ററി

അനുവദിക്കുകയുണ്ടായി. അങ്ങനെ സർക്കാർ, എയിഡഡ് സ്കൂളുകൾ നിരവധിയെണ്ണം ചുരുങ്ങിയ കിലോമീറ്ററുകൾക്കുള്ളിൽ നിലവിൽവന്ന സാഹചര്യം കേരളത്തിൽ പല ഭാഗത്തുമുണ്ട്. നഗരസഭയുടെയും മുനിസിപ്പാലിറ്റികളുടെയും കേന്ദ്രങ്ങളിലാണ് ഇത്തരത്തിൽ കൂടുതൽ സ്കൂളുകൾ നിലവിൽവന്നത്. പിന്നീട് ഹയർസെക്കന്ററി സ്കൂളുകൾ കുറവുള്ളതും ഇല്ലാത്തതുമായ പ്രദേശങ്ങളിലും പഞ്ചായത്തുകളിലും സ്കൂൾ അനുവദിച്ചപ്പോൾ വിദ്യാർത്ഥിപ്രവേശനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാൻ തുടങ്ങി. പ്രത്യേകിച്ചും 2014-15, 2015-16 വർഷങ്ങളിൽ പുതുതായി ഹയർസെക്കന്ററിബാച്ചുകൾ അനുവദിച്ചപ്പോൾ അതുവരെ സ്കൂൾ അപ്ഗ്രേഡ് ചെയ്യാതിരുന്ന പഞ്ചായത്തുകളെയാണ് പ്രധാനമായും പരിഗണിച്ചത്. മലബാർമേഖലയിലും തെക്കൻമേഖലയിലും ഒരേമാനദണ്ഡം സ്വീകരിച്ചതിനാൽ നിരവധി സ്കൂളുകൾക്ക് പുതിയ ബാച്ചുകൾ ലഭിക്കുകയുണ്ടായി. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ചുള്ള ആവശ്യകത പരിശോധിക്കാത്തതിനാൽ തെക്കൻജില്ലകളിൽ പലയിടത്തും നിലവിലുണ്ടായിരുന്ന ബാച്ചുകളിൽ വിദ്യാർത്ഥികൾ കുറയുന്നതിനും പുതുതായി അനുവദിച്ച ബാച്ചുകളിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ലഭിക്കാത്തതിനും കാരണമായിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിലാണ് ഇത്തരത്തിലുള്ള ബാച്ചുകൾ കൂടുതലുള്ളത്. പൊതുവിദ്യാലയങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വടക്കൻ ജില്ലകളായ മലപ്പുറം, പാലക്കാട്, കോഴിക്കോട് തുടങ്ങിയവയിൽ ഹയർസെക്കന്ററി പ്രവേശനമാഗ്രഹിക്കുന്നവരുടെ എണ്ണത്തിനനുസരിച്ച് ബാച്ചുകൾ നിലവിലില്ല എന്നപരാതി നിലനിൽക്കുന്നുണ്ട്. ഹയർസെക്കന്ററി ബാച്ചുകളനുവദിച്ചിരിക്കുന്നതിലെ അസന്തുലിതാവസ്ഥയെക്കുറിച്ച് പരിശോധിക്കാനും ബാച്ചുകൾ പുനക്രമീകരിക്കുന്നതിനെക്കുറിച്ച് നിർദേശങ്ങൾ സമർപ്പിക്കാനുമായി രൂപീകരിച്ചിട്ടുള്ള ഈകമ്മിറ്റി ഇങ്ങനെയുള്ള സാഹചര്യങ്ങളെല്ലാം പരിശോധിക്കുകയുണ്ടായി.

ഹയർസെക്കന്ററിയിൽ പ്രവേശനത്തിനായി അപേക്ഷിക്കുന്നവരുടെ മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളസിലബസിൽ

എസ്.എസ്.എൽ.സി. വിജയിച്ചവരാണ് ബഹുഭൂരിപക്ഷവും. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., മറ്റ് ബോർഡുകൾ എന്നീ വിഭാഗങ്ങളിൽ പത്താം ക്ലാസ് വിജയിച്ചവരിലെ ഒരുവിഭാഗവും അപേക്ഷിക്കുന്നതായി കാണുന്നു. 2017ൽ 4,37,603, 2018ൽ 4,29,969, 2019 ൽ 4,320,74, 2020ൽ 4,20,566, 2021ൽ 4,19,653, 2022ൽ 4,21,957 എന്ന ക്രമത്തിലാണ് കേരളത്തിൽ എസ്.എസ്.എൽ.സി. വിജയിച്ചവരുടെ എണ്ണം. 2023ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരിക്കുന്നവർ 4,18,561പേരാണ്. ഉപരിപഠനത്തിന് യോഗ്യത നേടുന്നവരുടെ എണ്ണം 4,15,000 എന്ന് കണക്കാക്കിയാലും മുൻവർഷത്തിൽ നിന്ന് 7000പേരുടെ കുറവുണ്ടാകാൻ സാധ്യതയുണ്ട്. 2020ൽ 55733, 2021ൽ 46164, 2022ൽ 46067 എന്ന ക്രമത്തിലാണ് മറ്റ് ബോർഡുകളിൽ നിന്ന് ഹയർസെക്കന്ററിയിൽ അഡ്മിഷന് അപേക്ഷിച്ചിട്ടുള്ളത്. 2020ൽ ആകെ 3,68,305 പേർ അഡ്മിഷൻ നേടിയപ്പോൾ അതിൽ 44292 പേർ മറ്റ് ബോർഡുകളിൽ പഠിച്ചവരായിരുന്നു. 2021ൽ ആകെ അഡ്മിഷൻ 385088ഉം അതിൽ മറ്റ് ബോർഡുകാർ 39320ഉം ആയിരുന്നു. കഴിഞ്ഞവർഷമാകട്ടെ ആകെ അഡ്മിഷൻ 384557 ഉം അതിൽ മറ്റ് ബോർഡുകാർ 37738ഉം ആയിരുന്നു. കഴിഞ്ഞവർഷത്തെ കണക്കുകൾ പ്രകാരം ആകെ അപേക്ഷകൾ (ഒന്നിലധികം ജില്ലകളിൽ അപേക്ഷിച്ചവരുടെ ഇരട്ടിപ്പ് ഒഴിവാക്കി) 429143 ആണ്. അപേക്ഷിച്ചവരുടെയും പ്രവേശനം നേടിയവരുടെയും കണക്കുകളും അതിൽ മറ്റ് ബോർഡുകളിൽ പഠിച്ചവരുടെ കണക്കുകളും പരിശോധിക്കുമ്പോൾ എസ്.എസ്.എൽ.സി. വിജയിച്ച എല്ലാപേരും ഹയർസെക്കന്ററി കോഴ്സിന് അപേക്ഷിക്കുന്നില്ലെന്നും അഡ്മിഷൻ എടുക്കുന്നില്ലെന്നും മനസ്സിലാക്കാവുന്നതാണ്. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 33,030 സീറ്റുകൾ ലഭ്യമാണ്. അൺഎയിഡഡ് സ്കൂളുകൾ ഇല്ലാത്ത വിഭാഗമാണ് വൊക്കേഷണൽ ഹയർസെക്കന്ററി. മാർജിനൽ സീറ്റ് വർധനവ് അനുവദിക്കുന്നുമില്ല. കഴിഞ്ഞവർഷം അതിൽ 3000 സീറ്റുകളിലേറെ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്. പോളിടെക്നിക്കുകളിൽ 10152 സീറ്റുകളും ഐ.ടി.ഐ.കളിൽ 52096 സീറ്റുകളും ലഭ്യമാണ്. എസ്.എസ്.എൽ.സി. കഴിഞ്ഞയുടൻ ചേരാവുന്ന കോഴ്സുകളാണിവയൊക്കെ. 360540സീറ്റുകൾ (അൺഎയിഡഡ് ഉൾപ്പെടെ) ഹയർ

സെക്കന്ററിയിൽ മാർജിനൽ സീറ്റ് വർധനവ് ഇല്ലാതെ തന്നെ ലഭ്യമാണ്. ഇതെല്ലാം പരിശോധിച്ചാൽ എസ്.എസ്.എൽ.സി. കഴിയുന്നവർക്കും മറ്റ് ബോർഡുകളിൽ നിന്ന് പത്താം ക്ലാസ് ജയിക്കുന്നവരിൽ അപേക്ഷിക്കുന്നവർക്കും കേരളത്തിൽ ആവശ്യത്തിലേറെ സീറ്റുകൾ തുടർപഠനത്തിന് ലഭ്യമാണെന്ന് കാണാം. എന്നാൽ ജനസംഖ്യാനുപാതികമായും പൊതുവിദ്യാലയങ്ങൾക്ക് ആവശ്യകത കൂടുതലുള്ളത് കണക്കിലെടുത്തും ബാച്ചുകളും കോഴ്സുകളും അനുവദിക്കുന്നതിൽ വന്നിട്ടുള്ള അപാകതയാണ് പ്ലസ് വൺ പ്രവേശനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കാത്തത് കുറച്ച് വിദ്യാർത്ഥികളുടെയെങ്കിലും ഭാവിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നകാര്യം കമ്മിറ്റി വിലയിരുത്തുന്നുണ്ട്.

സ.ഉ.(സാധാ) നം.8329/2022/GEDN തീയതി, തിരുവനന്തപുരം 22-12-2022 പ്രകാരം ഹയർസെക്കന്ററി ബാച്ച് പുനക്രമീകരണ കമ്മിറ്റിയുടെ പരിഗണനക്കായി നൽകിയിട്ടുള്ള വിഷയങ്ങൾ താഴെ പറയുന്നു:

-വിദ്യാർത്ഥികൾ കുറവുള്ള ഹയർസെക്കന്ററിബാച്ചുകൾ ഉണ്ടെങ്കിൽ സ്വീകരിക്കേണ്ടതായ നടപടികൾ

-നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സ് കോമ്പിനേഷനുകളിൽ പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് മാറ്റങ്ങൾ ആവശ്യമുണ്ടോയെന്നത് സംബന്ധിച്ച കാര്യങ്ങൾ

-സ്ഥിരമായി അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളതും വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറഞ്ഞതുമായ ബാച്ചുകളിലും കോഴ്സ് കോമ്പിനേഷൻ മാറേണ്ടതുണ്ടെങ്കിൽ അത്തരം ബാച്ചുകളിലും സ്വീകരിക്കേണ്ടതായ നടപടികൾ

-പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നതും പുതുതായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടോയെന്നതുംസംബന്ധിച്ച്

-ഇതുവരെ തസ്തികനിർണയം നടത്തിയിട്ടില്ലാത്ത ബാച്ചുകൾ നിലനിൽക്കുന്ന സ്കൂളുകളിൽ സ്വീകരിക്കേണ്ടനടപടികൾ

-താൽക്കാലിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിലും ബാച്ചുകൾ ട്രാൻസ്ഫർ ചെയ്ത് ലഭിച്ച

സ്കൂളുകളിലുമുള്ള അടിസ്ഥാനസൗകര്യങ്ങളെ സംബന്ധിച്ചും ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചും

-ഏകജാലക പ്രവേശനരീതികളിൽ മാറ്റങ്ങളാവശ്യമുണ്ടോയെന്നത് സംബന്ധിച്ച്

-ഹയർസെക്കന്ററി അൺഎയിഡഡ് സ്കൂളുകളിലെ ബാച്ചുകൾ പുനക്രമീകരിക്കേണ്ടതുണ്ടോയെന്നതും പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നതും സംബന്ധിച്ച്

-എയിഡഡ് സ്കൂളുകളിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകൾ തുടരേണ്ടതുണ്ടോയെന്നത് സംബന്ധിച്ച്

മുകളിൽപറഞ്ഞ പരിഗണനാ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യങ്ങളും നിർദേശങ്ങളും മെംബർസെക്രട്ടറിയുടെ പേരിൽ അയച്ചുകൊടുക്കാൻ ജനപ്രതിനിധികൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, മാനേജർമാർ, പി.ടി.എ.കൾ, അധ്യാപകസംഘടനകൾ തുടങ്ങിയവർക്ക് അവസരം നൽകിയിരുന്നു. യഥാസമയം അപേക്ഷകളും നിർദേശങ്ങളും നൽകിയത് 189 പേരായിരുന്നു. തുടർന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകൾക്ക് വേണ്ടി കോഴിക്കോട് ശിക്ഷക് സദനിൽ വച്ച് കമ്മിറ്റിയംഗങ്ങൾ 27.03.23 ൽ സിറ്റിംഗ് നടത്തുകയും അവിടെ 147 അപേക്ഷകൾ നേരിട്ട് ലഭിക്കുകയും ചെയ്തു. 04.04.23ൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾക്ക് വേണ്ടി തിരുവനന്തപുരത്ത് സീമാറ്റ് ആസ്ഥാനത്ത് നടന്ന സിറ്റിംഗിൽ 49 അപേക്ഷകളാണ് ലഭിച്ചത്. 05.04.23ൽ പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾക്ക് വേണ്ടി എറണാകുളം ഗവ. ഗേൾസ് ഹയർസെക്കന്ററിസ്കൂളിൽ നടന്ന സിറ്റിംഗിൽ 83 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇവയിലെല്ലാം തന്നെ പ്രത്യേകസ്കൂളുകളുടെ ആവശ്യകതകളും കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ ആവശ്യകതകളും നിർദേശങ്ങളും സംഘടനകളുടെയും മറ്റും പൊതുവായനിർദേശങ്ങളും ചില ജില്ലകളുടേതായ സവിശേഷസാഹചര്യങ്ങളും

ഉൾക്കൊണ്ടിട്ടുണ്ട്. തുടർന്ന് ഹയർസെക്കന്ററി ഏകജാലകപ്രവേശന നടപടികൾ കൈകാര്യം ചെയ്യുന്ന ഐ.സി.ടി.സെല്ലിൽ നിന്നും മുൻവർഷങ്ങളിലെ ഡാറ്റകൾ ലഭ്യമാക്കി പരിശോധിച്ചു. പ്രാദേശികമായ വിവരങ്ങൾ വിലയിരുത്തുന്നതിന് റീജിയണൽ ഡെപ്യൂട്ടിഡയറക്ടർമാരുടെയും ജില്ലാകോർഡിനേറ്റർമാരുടെയും റിപ്പോർട്ടുകൾ ലഭ്യമാക്കി. ഇവയെല്ലാംവിലയിരുത്തി സർക്കാർ ഉത്തരവിൽ നിർദേശിച്ചിരിക്കുന്ന പരിഗണനാവിഷയങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടാണ് ഇനിയുള്ള പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹയർസെക്കന്ററിയുമായി ബന്ധപ്പെട്ട അനുബന്ധ നിർദേശങ്ങൾ അവസാനമായി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

കഴിഞ്ഞ മൂന്നുവർഷങ്ങളിൽ തുടർച്ചയായി വിദ്യാർത്ഥിപ്രവേശനത്തിൽ വലിയ കുറവുണ്ടായ ബാച്ചുകളെയും കഴിഞ്ഞവർഷം വിദ്യാർത്ഥികൾ കുറഞ്ഞബാച്ചുകളെയും താലൂക്കടിസ്ഥാനത്തിൽ ഈവർഷം ഉണ്ടാകാവുന്ന ആവശ്യകതയെയും കമ്മിറ്റി പരിശോധിച്ചശേഷമാണ് മാറ്റങ്ങളും ബാച്ചുകളുടെ ആവശ്യകതകളും വിലയിരുത്തിയിട്ടുള്ളത്. 25വിദ്യാർത്ഥികളിൽ കുറവുള്ള ബാച്ചുകൾക്കൊപ്പം തന്നെ 25 നും 40നുമിടയിൽ വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന 250ലേറെ ബാച്ചുകൾ സംസ്ഥാനത്തുണ്ട്. പൂർണതോതിൽ അഡ്മിഷൻ നടക്കാത്ത ബാച്ചുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണംകൂടി പരാമർശിച്ചാണ് സംസ്ഥാനത്ത് ആവശ്യത്തിലേറെ സീറ്റുകൾ ഉണ്ടെന്ന കണക്കുകളുള്ളത്. വിദ്യാർത്ഥികൾ കുറവാണെന്നത് മാത്രം കണക്കിലെടുത്ത് എല്ലാസ്കൂളുകളിൽ നിന്നും ബാച്ചുകൾ മാറ്റാനാവില്ലെന്നതാണ് വസ്തുത. പ്രാദേശികമായ പ്രത്യേകതകൾ കാരണം അത്തരത്തിലുള്ള ചിലബാച്ചുകൾ നിലനിർത്തേണ്ടിവരുന്നുണ്ട്. മുമ്പ് ഹയർസെക്കന്ററി കോഴ്സുകൾ അനുവദിച്ചിരിക്കുന്നതിൽ പൂർണമായ തരത്തിലുള്ള മാറ്റങ്ങൾവരുത്തി പുനക്രമീകരണം സാധ്യമല്ലെന്നത് വസ്തുതയാണ്. വിദ്യാർത്ഥികളുടെ എണ്ണം കൂടുതലുള്ള പലഹൈസ്കൂളുകളിലും ഹയർസെക്കന്ററി അനുവദിക്കണമെന്ന ആവശ്യകത വന്നിരുന്നു. അതേസമയം സ്കൂൾ വിഭാഗത്തിൽ വിദ്യാർത്ഥികൾ കുറവും ഹയർസെക്കന്ററി വിഭാഗത്തിൽ പല ബാച്ചുകളുമുള്ള

നിരവധി സ്കൂളുകളുണ്ട്. അവയുടെ ഫീഡിംഗ് സ്കൂളുകളായി മാറിയിട്ടുള്ള ഹൈസ്കൂളുകളിൽ പുതുതായി ഹയർസെക്കന്ററി അനുവദിക്കുന്നത് വീണ്ടും ഹയർസെക്കന്ററിയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുമെന്നതിനാലും നിലവിലുള്ള സ്കൂളുകളെ ബാധിക്കുമെന്നതിനാലും സർക്കാരിന് സാമ്പത്തികബാധ്യത അധികമാക്കുമെന്നതിനാലും താലൂക്കടിസ്ഥാനത്തിലെ ആവശ്യകത പരിഗണിച്ച് മാത്രമേ അക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ. കൂടുതൽ സമയമെടുത്തുള്ള പഠനവും അതിനാവശ്യമാണ്. അതിനാൽ ഇപ്പോഴത്തെ സാഹചര്യവും പ്രാദേശികമായ അസന്തുലിതാവസ്ഥയും പരിഗണിച്ച് പരമാവധി മെച്ചപ്പെട്ടരീതിയിൽ ബാച്ചുകളെ ക്രമീകരിക്കാനും പുതിയവ അനുവദിക്കാനുമാണ് നിർദേശങ്ങൾ സമർപ്പിക്കുന്നത്. നിലവിൽ വിദ്യാർത്ഥികൾ കുറവുള്ളബാച്ചുകളിൽ കഴിയുന്നത്ര അഡ്മിഷൻ നടക്കണമെന്നും ആവശ്യകത കൂടുതലുള്ള മേഖലകളിൽ അധികബാച്ചുകൾനൽകി പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ ജില്ലകൾക്കുള്ളിലും ജില്ലകൾക്കിടയിലും ഇല്ലാതാക്കണമെന്നുമുള്ള ലക്ഷ്യത്തോടെയാണ് ഇതിൽപ്പറയുന്ന ശിപാർശകൾ കമ്മിറ്റി മുന്നോട്ടുവെക്കുന്നത്.

1. സ്പെഷ്യൽറൂൾസിൽ നിർദേശിച്ചിരിക്കുന്ന ഒരു ബാച്ചിൽപരമാവധി 50 വിദ്യാർത്ഥികളെന്നതിൽ നിന്ന് വ്യത്യസ്തമായി വർഷംതോറും മാർജിനൽ സീറ്റ് വർധനവ് അനുവദിച്ച് അഡ്മിഷൻ നടത്തുന്നത് ഗുണനിലവാരമുള്ള പൊതുവിദ്യാഭ്യാസത്തിന് അനുഗുണമല്ല. മികച്ച ഭൗതികസാഹചര്യങ്ങളും സ്ഥിരാധ്യാപകരും ഉണ്ടെങ്കിലും വിദ്യാർത്ഥികൾ കുറയുന്ന ചിലസ്കൂളുകളും വിദ്യാർത്ഥികൾ വലിയതോതിൽ കേന്ദ്രീകരിക്കുകയും തിങ്ങിഞെരുങ്ങുകയും ചെയ്യുന്ന മറ്റ് ചില സ്കൂളുകളുമെന്ന പ്രവണത വർധിക്കുന്നതിന് മാർജിനൽ സീറ്റ് വർധനവ് ഒരുകാരണമാകുന്നുണ്ട്. മാത്രമല്ല സംസ്ഥാനത്ത് നിരവധിബാച്ചുകളിൽ മിനിമം അഡ്മിഷൻ നടക്കാനുള്ള സാധ്യതയില്ലാതാക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ബാച്ചുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ/ജില്ലകളിൽ താൽക്കാലിക അധികബാച്ചുകൾ അനുവദിക്കേണ്ടതും മൂന്ന് വർഷമാകുമ്പോൾ അവിടെ അത്തരംബാച്ചുകൾ സ്ഥിരമായി ആവശ്യമാണെന്ന്

കണ്ടാൽ സ്ഥിരബാച്ചുകളാക്കി മാറ്റി സ്ഥിരതസ്തികകൾ അനുവദിക്കേണ്ടതുമാണ്. അതേസമയം മാർജിനൽ സീറ്റ് വർധനവിലൂടെ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പുതിയ ബാച്ചുകൾ ഒരുമിച്ച് അനുവദിക്കുന്നത് സർക്കാരിന് പെട്ടെന്ന് തന്നെ വലിയ സാമ്പത്തികബാധ്യത ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യം സൃഷ്ടിക്കുമെന്നും ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് ബുദ്ധിമുട്ടുകളുണ്ടാക്കുമെന്നും കമ്മിറ്റി പരിഗണിക്കുന്നു. മാർജിനൽ സീറ്റ് വർധനവ് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവന്ന് ഒരുബാച്ചിൽ 50 വിദ്യാർത്ഥികളിൽ കൂടരുതെന്ന വ്യവസ്ഥ കർശനമാക്കേണ്ടതായി കാണുന്നു.

- ഈവർഷം വിവിധജില്ലകളിലും സർക്കാർ/എയിഡഡ് സ്കൂളുകളിലും 30ശതമാനംവരെ വ്യത്യസ്ത തരത്തിൽ മാർജിനൽ സീറ്റ് വർധനവ് അനുവദിക്കുന്നത് നിർത്തലാക്കണമെന്നും തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും അമ്പലപ്പുഴ, ചേർത്തല (ആലപ്പുഴ ജില്ല), കാഞ്ഞിരപ്പള്ളി (കോട്ടയം ജില്ല), താലൂക്കുകളിലും സർക്കാർ, എയിഡഡ്, അൺഎയിഡഡ് സ്കൂളുകളിൽ പത്ത് ശതമാനം മാർജിനൽ സീറ്റ് വർധനവ് ആദ്യമേതന്നെ അനുവദിച്ച് അഡ്മിഷൻ നടപടികളിലേക്ക് കടക്കണമെന്നും ശിപാർശചെയ്യുന്നു. രണ്ടാംഘട്ട സപ്ലിമെന്ററി അലോട്മെന്റ് കഴിഞ്ഞശേഷം പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് ഒരുബാച്ചിൽ പരമാവധി 6ശതമാനം (3സീറ്റ്) സീറ്റുകൾ സ്പോട്ട് അഡ്മിഷൻ എന്നനിലയിൽ സംസ്ഥാനത്തെവിടെയും അനുവദിക്കാവുന്നതാണ്. ഈഘട്ടത്തിൽ സ്കൂൾട്രാൻസ്ഫർ അനുവദിക്കരുത്. മാർജിനൽസീറ്റ് വർധനവ് 30 ശതമാനത്തിൽ നിന്ന് 16 ശതമാനമായി ഈവർഷം കുറയ്ക്കുന്നതിനും വിദ്യാർഥികൾകുറഞ്ഞ ബാച്ചുകളിൽ കൂടുതൽ അഡ്മിഷൻ നടക്കുന്നതിനും പ്രാദേശികമായ ആവശ്യകതകൾ പരിഹരിക്കുന്നതിനും ഇതിലൂടെ കഴിയുമെന്ന് കരുതുന്നു.

2. തെക്കൻ ജില്ലകളിലും വടക്കൻ ജില്ലകളിലും ഒരു ബാച്ചിൽ അഡ്മിഷൻ നൽകേണ്ടിവരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വ്യത്യാസമുള്ളതരത്തിലാണ് ഹയർസെക്കന്ററിയിൽ പഠനം നടക്കുന്നതെന്ന വലിയതോതിലുള്ള പരാതിനിലനിൽക്കുന്നുണ്ട്. കമ്മിറ്റി ഈവിഷയം പരിശോധിക്കുകയുണ്ടായി. ജനസംഖ്യാനുപാതികമായും പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായും ബാച്ചുകൾ അനുവദിക്കുന്നതിൽ മുൻകാലങ്ങളിൽ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യംശരിയാണ്. എന്നാൽ ചിലജില്ലകളിൽ മാത്രമാണ് 60 അല്ലെങ്കിൽ 65 വിദ്യാർത്ഥികൾ ഒരുബാച്ചിൽ പഠിക്കുന്നതെന്നത് ശരിയാണെന്ന് കാണുന്നില്ല. മുൻവർഷം മാർജിനൽ സീറ്റ് വർധനവ് അനുവദിക്കാത്തതായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകൾ മാത്രമാണുണ്ടായിരുന്നത്. ഈ ജില്ലകൾക്കുള്ളിൽ തന്നെ പ്രാദേശികമായ അസന്തുലിതാവസ്ഥ ബാച്ചുകളുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മേഖലയിൽ മാർജിനൽ സീറ്റ് വർധനവ് നൽകാതിരുന്നിട്ടും വൻതോതിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. കൊല്ലംജില്ലയിൽ മാർജിനൽ സീറ്റ് വർധനവ് അനുവദിച്ചിട്ടും കരുനാഗപ്പള്ളി താലൂക്കിൽ താൽക്കാലിക ബാച്ച് നൽകേണ്ടിവന്നു. തിരുവനന്തപുരംജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ സീറ്റുകൾ അധികമാണെങ്കിൽ മറ്റ് താലൂക്കുകളിൽ ആവശ്യകത കൂടുതലാണ്. കോട്ടയം ജില്ലയിലാകട്ടെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ആവശ്യകത കൂടുതലുള്ളപ്പോൾ കോട്ടയംതാലൂക്കിൽ സീറ്റുകൾ വളരെ കൂടുതലാണ്. ഇങ്ങനെ പരിശോധിക്കുമ്പോൾ 60 അഥവാ 65 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന ബാച്ചുകൾ മിക്കവാറും ജില്ലകളിൽ ഉണ്ടെന്നതാണ് വാസ്തവം. പ്രാദേശികമായി വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് മാത്രം. വടക്കൻ ജില്ലകളിലെ മിക്കവാറും സ്കൂളുകളിൽ അനുവദിക്കുന്ന സീറ്റുകൾക്കനുസരിച്ച് അഡ്മിഷന് ആവശ്യക്കാരുണ്ടെന്ന സാഹചര്യം നിലനിൽക്കുന്നുവെന്നത് വസ്തുതയുമാണ്. എന്നാൽ പ്രാദേശികമായ അസന്തുലിതാവസ്ഥ ചെറിയതോതിലാണെങ്കിലും മലബാർമേഖലയിലെ ജില്ലകൾക്കുള്ളിലുമുണ്ട്. വരുംവർഷങ്ങളിൽ പുതിയപാഠ്യപദ്ധതിക്കനുസരിച്ചുള്ള

ഘടനാമാറ്റങ്ങളും പൊതുവിദ്യാഭ്യാസഏകീകരണവും നടപ്പിലാക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും വിദ്യാർത്ഥികളുടെ എണ്ണം എല്ലാജില്ലകളിലും ഒരുബാച്ചിൽ 50 മാത്രമെന്നത് ഉറപ്പുവരുത്താനും കാര്യമായ ശ്രദ്ധനൽകേണ്ടതാണെന്ന കാര്യംകമ്മിറ്റി ശ്രദ്ധയിൽപ്പെടുത്തുന്നു.

3. മുൻവർഷങ്ങളിൽ 25വിദ്യാർത്ഥികളിൽ കുറവ് അഡ്മിഷൻ നടക്കുന്നതും സഥിർതസ്തികകൾ സൃഷ്ടിക്കാനോ നിലനിർത്താനോ കഴിയാത്തവയുമായ താഴെപറയുന്ന ബാച്ചുകളെ പ്രാദേശികമായ ആവശ്യകത വിലയിരുത്തി അതിനോടൊപ്പം സൂചിപ്പിച്ചിട്ടുള്ള ജില്ലക്കകത്തും പുറത്തുമുള്ള സ്കൂളുകളിലേക്ക് മാറ്റി നൽകേണ്ടതാണ്.

| | School From Which Batch is Shifting | | | | | | School to which the batch is Shifted | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Sl no | District | School code | School Name | School Type | Existing Course | Course to be Shifted | School code | District | School Name | School Type | Existing Course | Shifted Batch |
| 1 | TVM | 1012 | GHSS Pakalkuri | Govt | 1,10 | 10 | 1136 | TVM | GLVHSS Arayoor | Govt | 1,37 | 10 |
| 2 | TVM | 1015 | GHSS Pettah | Govt | 1,10,36 | 1 | 1014 | TVM | GHSS Vellanad | Govt | 1,10 | 1 |
| 3 | TVM | 1023 | GMB HSS Thycaud | Govt | 1,5,33,39 | 1 | 1135 | TVM | GVHSS Parassala | Govt | 1.2 | 1 |
| 4 | TVM | 1041 | GBHSS Chalai | Govt | 1,35 | 1 | 1030 | TVM | GGHSS Attingal | Govt | 1,5,39 | 1 |
| 5 | Kollam | 2029 | GMHSS Edathara | Govt | 1,10 | 10 | 2103 | Kollam | GHSS Ashtamudi | Govt | 1,38 | 10 |
| 6 | Kollam | 2131 | TCM GHSS Nedummapara | Govt | 1,38 | 38 | 2114 | Kollam | GHSS Kadakkal | Govt | 1,11,39 | 38 |
| 7 | PTA | 3014 | GHSS Kadumeenchira | Govt | 1,5,39 | 5 | 11127 | MLPM | GHSS Kadungapuram | Govt | 1,11,39 | 5 |
| 8 | PTA | 3077 | GHSS Thumpamon North | Govt | 1,38 | 38 | 1012 | TVM | GHSS Pakalkuri | Govt | 1,10 | 38 |
| 9 | PTA | 3079 | GSS Ayiroor | Govt | 11,38 | 38 | 11018 | MLPM | GHSS Marraencherry | Govt | 1,11,37 | 38 |
| 10 | PTA | 3092 | GHSS Maroor | Govt | 1,39 | 39 | 11030 | MLPM | G Manavedhan HSS Nilambur | Govt | 1,11,38 | 39 |
| 11 | PTA | 3094 | GHSS Kutoor | Govt | 1,38 | 38 | 11034 | MLPM | GHSS Kuttippuram | Govt | 1,5,12 | 38 |
| 12 | PTA | 3096 | GHSS Peringara | Govt | 1,39 | 39 | 11008 | MLPM | GHSS Pullancode | Govt | 1,11,38 | 39 |
| 13 | PTA | 3105 | GVHSS Kayipattoor | Govt | 1,39 | 39 | 11014 | MLPM | GHSS Kunnakkavu Mlpm | Govt | 1,5,10,11,37,39 | 39 |
| 14 | PTA | 3107 | GVHSS Elanthoor | Govt | 1 | 1 | 11012 | MLPM | GHSS Kokkoor | Govt | 11,38,39 | 1 |
| 15 | ALPA | 4001 | GHSS Ala Chengannur | Govt | 1,5, 10,39 | 5 | 4111 | ALPA | GHSS Paravoor | Govt | 1,10 | 5 |
| 16 | ALPA | 4001 | GHSS Ala Chengannur | Govt | 1,5, 10,39 | 10 | 4089 | ALPA | GGHSS Cherthala South | Govt | 1,5,39 | 10 |
| 17 | ALPA | 4014 | GHSS Thiruvanvandoor | Govt | 1,5, 10,39 | 1 | 4094 | ALPA | KKKPM GHSS Ambalapuzha | Govt | 1,39 | 1 |
| 18 | ALPA | 4014 | GHSS Thiruvanvandoor | Govt | 1,5, 10,39 | 39 | 4022 | ALPA | GGHSS Cherthala | Govt | 1,11 | 39 |
| 19 | ALPA | 4017 | GHSS Angadikkal South | Govt | 1,10,36,39 | 11 | 4095 | ALPA | GGHSS Alapuzha | Govt | 1,37 | 11 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 20 | ALPA | 4017 | GHSS Angadikkal South | Govt | 1,10,36,39 | 36 | 4012 | ALPA | GMBHSS Alappuzha | Govt | 11 | 36 |
| 21 | ALPA | 4026 | GV HSS Mulakkuzha | Govt | 1,30,39 | 30 | 2032 | Kollam | GGHSS Thazhava | Govt | 1,37,39 | 30 |
| 22 | ALPA | 4110 | GHSS Puliyoor | Govt | 39 | 39 | 2011 | Kollam | GHSS Valathungal | Govt. | 1,22,23 | 39 |
| 23 | KTYM | 5008 | GHSS Tazhathuvadakara | Govt | 1,10 | 10 | 11002 | MLPM | GHSS Paddikkadu Mlpm | Govt | 1,10,34,38, 39 | 10 |
| 24 | KTYM | 5011 | GHSS Vadakkekkara | Govt | 1,10 | 1 | 11025 | MLPM | GHSS Kuzhimanna Mlpl | | 1,10,11,38, 39 | 1 |
| 25 | KTYM | 5020 | GHSS Edakkolli | Govt | 1,11 | 11 | 11005 | MLPM | GBHSS Tirur | Govt | 1,10,38 | 11 |
| 26 | KTYM | 5022 | GHSS TVPuram Vaikom | Govt | 1,11 | 11 | 11010 | MLPM | GB HSS Manjeri | Govt | 1,5,38 | 11 |
| 27 | KTYM | 5013 | GBHSS Vaikom | Govt | 1,10 | 10 | 11007 | MLPM | GVMC HSS Wandoor | Govt | 1,10,39 | 10 |
| 28 | KTYM | 5117 | GHSS Puthuveli | Govt | 1,39 | 39 | 5008 | KTYM | GHSS Tazhathuvadakkara | Govt | 1,10 | 39 |
| 29 | KTYM | 5132 | GVHSS Ettumanoor | Govt | 4,39 | 4 | 11023 | MLPM | GHSS Kottappuram Mlpm | Govt | 1,11,38,39 | 4 |
| 30 | IDKI | 6015 | GHSS Mullaringadu | Govt. | 1,36 | 36 | 11036 | MLPM | GHSS Vettathur | Govt | 1,10,11,38, 39 | 36 |
| 31 | IDKI | 6074 | GHSS Muttom | Govt | 5,38 | 5 | 11133 | MLPM | GHSS Pullanoor | Govt | 12,539 | 5 |
| 32 | EKM | 7008 | GHSS Shivamkunnu | Govt | 1,10,36 | 36 | 11124 | MLPM | GGHSS Perinthalmanna | Govt | 1,5,39 | 36 |
| 33 | EKM | 7033 | GMHSS Palakkuzha | Govt | 1,5,11,39 | 11 | 11015 | MLPM | GHSS Thiruvali Mlpm | Govt | 1,10,36,39 | 11 |
| 34 | EKM | 7152 | GHSS Mamalaserry | Govt | 1,38 | 38 | 11035 | MLPM | PCNGHSS Mookkuthala | Govt | 1,11,15 | 38 |
| 35 | EKM | 7209 | GVHSS East Maradi | Govt | 1.39 | 1 | 11028 | MLPM | GHSS Pookkottur | Govt | 1,10,38,39 | 1 |
| 36 | TSR | 8013 | GHSS Vettilappara | Govt | 1 | 1 | 11033 | MLPM | GHSS Kadanchery | Govt | 1,12,15,38 | 1 |
| 37 | PLKD | 9031 | Perumatty Panchayath HSS | Govt | 1,10,38 | 1 | 11122 | MLPM | GHSS Erumbuzhi | Govt | 1,16,39 | 1 |
| 38 | KNR | 13113 | GHSS Koram | Govt | 1,11,30,39 | 30 | 11134 | MLPM | GHSS Peruvalloor | Govt | 1,5,11,34,3 5,36,39 | 30 |
| 39 | KZGD | 14018 | GOVT HSS, PADNEKADAPPURAM, KASARGODE | Govt | 5,30.39 | 5 | 11140 | MLPM | GHSS Nellikuth | Govt | 1,38 | 5 |

4. മാർജിനൽ സീറ്റ് വർധനവിൽ ഏകീകരണം നടപ്പിലാക്കണമെന്നതിനാലും പ്രാദേശികമായ ആവശ്യകതകണക്കിലെടുത്തും അസന്തുലിതാവസ്ഥകറക്കുന്നതിനും താഴെപ്പറയുന്ന സ്കൂളുകളിൽ താൽക്കാലിക അഡീഷണൽ ബാച്ചുകൾ അനുവദിക്കാൻ കമ്മിറ്റി ശിപാർശചെയ്യുന്നു:

| Sl No. | School Code | School Name | District | School Type | Existing Batch | New Batch |
|---|---|---|---|---|---|---|
| 1 | 2033 | GHSS Chathannur | Kollam | Govt | 1,5,39 | 1 |
| 2 | 2108 | GHSS Ochira | Kollam | Govt | 1,39 | 39 |
| 3 | 10005 | GGHSS Palanthalayani | Kozhikode | Govt | 1,10,36 | 1 |
| 4 | 10008 | GHSS Madapally | Kozhikode | Govt | 1,5,10,39 | 1 |
| 5 | 10014 | GHSS Valayam | Kozhikode | Govt | 1,10,34 | 39 |
| 6 | 10024 | GHSS Kallachi | Kozhikode | Govt | 1,11,39 | 1, 39 |
| 7 | 10025 | GVHSS For Girls, Nadakkav | Kozhikode | Govt | 1;5,36,37 | 1 |
| 8 | 10028 | GHSS Chorode | Kozhikode | Govt | 1,5,11,36 | 11 |
| 9 | 10093 | GHSS Koyilandy | Kozhikode | Govt | 1,34,39 | 1 |
| 10 | 10099 | GHSS Narikuni, Koduvally | Kozhikode | Govt | 1,34,38 | 34 |
| 11 | 10104 | GHSS Shivapuram, Thamarassery | Kozhikode | Govt | 1,5,37,39 | 15 |
| 12 | 10137 | GHSS Kunduparamba | Kozhikode | Govt | 1,24,38 | 38 |
| 13 | 10179 | GHSS EMS, Perumanna | Kozhikode | Govt | 1,11 | 39 |
| 14 | 11001 | GHSS Downhill Malappuram | Mlpm | Govt | 1,10,39 | 11 |
| 15 | 11017 | GHSS Pookottupadam | Mlpm | Govt | 1,5,11;38 | 11 |
| 16 | 11019 | GHSS Areekode | Mlpm | Govt | 1,11,39,44 | 11 |
| 17 | 11020 | GMHSS Calicut University | Mlpm | Govt | 1,5,10,39 | 10 |
| 18 | 11024 | GHSS Mangada | Mlpm | Govt | 1,11,36.39 | 11 |
| 19 | 11026 | GGHSS Manjeri | Mlpm | Govt | 1,11,39 | 11 |
| 20 | 11027 | GHSS Karuvarakundu | Mlpm | Govt | 1,11,36 | 11 |
| 21 | 11029 | GHSS Anamangadu | Mlpm | Govt | 1,10,36,39 | 10 |
| 22 | 11031 | GHSS Pang Mlpm | Mlpm | Govt | 1,20,36,39 | 11 |
| 23 | 11032 | GHSS Kallilangadi, Tanur | Mlpm | Govt | 1,11,38,39 | 11 |
| 24 | 11120 | GHSS Cheriyamundam | Mlpm | Govt | 1,11,38 | 11 |
| 25 | 11121 | GHSS Malappuram | Mlpm | Govt | 1,10,34,39 | 11 |
| 26 | 11123 | GHSS Pattikkadu | Mlpm | Govt | 1,11,39 | 11 |
| 27 | 11126 | GHSS Chettyankinar | Mlpm | Govt | 1,5,11,39 | 11 |
| 28 | 11128 | GSHHSS Edavanna | Mlpm | Govt | 1,5,38 | 38 |
| 29 | 11129 | GHSS Veliyamcode | Mlpm | Govt | 1,11,38 | 38 |

| | | | | | | |
|---|---|---|---|---|---|---|
| 30 | 11130 | GVHSS Omanoor | Mlpm | Govt | 1,11,39 | 1 |
| 31 | 11131 | GHSS Keezhupparaba | Mlpm | Govt | 1,11,38,39 | 11 |
| 32 | 11132 | GVHSS Kondotty | Mlpm | Govt | 1,12,36 | 39 |
| 33 | 11135 | GHSS Puratho | Mlpm | Govt | 1,38,39 | 38 |
| 34 | 11137 | GHSS Eddakkara | Mlpm | Govt | 1,11,39,44 | 11 |
| 35 | 11138 | GHSS Alipparamba | Mlpm | Govt | 1,11,30,37,39 | 11 |
| 36 | 11139 | GHSS Kavanoor | Mlpm | Govt | 1,12,38 | 11 |
| 37 | 11141 | GHSS Arimbra | Mlpm | Govt | 1,11,38 | 11 |
| 38 | 11142 | GHSS BP Angadi | Mlpm | Govt | 1,5,11,38,39 | 11 |
| 39 | 11143 | GV HSS Paravanna | Mlpm | Govt | 1,11,38 | 11 |
| 40 | 11144 | GHSS Thadathilparamba | Mlpm | Govt | 1,11,31,39 | 1 |
| 41 | 11146 | GHSS Poorur | Mlpm | Govt | 1,11,38 | 10,39 |
| 42 | 11147 | GHSS Thuvoor | Mlpm | Govt | 1,5,11,38,39 | 11 |
| 43 | 11149 | GHSS Mankada | Mlpm | Govt | 1,5,31,38 | 11 |
| 44 | 11150 | GHSS Kalpekancherry | Mlpm | Govt | 1,35,39 | 39 |
| 45 | 11151 | GHSS Eranjimangad | Mlpm | Govt | 1,11,36,39 | 11 |
| 46 | 11153 | GV HSS Mambad | Mlpm | Govt | 1,11,35,38 | 39 |
| 47 | 11154 | GHSS Mattummal | Mlpm | Govt | 1,5,11,38,39 | 11 |
| 48 | 11155 | GVHSS Vengara | Mlpm | Govt | 1,11,38,44 | 39 |
| 49 | 11156 | GVHSS Vengara Town | Mlpm | Govt | 1,10,39 | 10 |
| 50 | 11157 | GHSS Vaniyambalam | Mlpm | Govt | 1,20,39 | 1,39 |
| 51 | 11158 | GHSS Karakunnam | Mlpm | Govt | 1,11,39 | 11 |
| 52 | 11162 | GHSS Perasanur | Mlpm | Govt | 1,11,38,39 | 11 |
| 53 | 11164 | Kelappan MVHSS Thavanoor | Mlpm | Govt | 1,11,12,39 | 1,39 |
| 54 | 11235 | GHSS Muthuvalloor | Mlpm | Govt | 34,36 | 1,39 |
| 55 | 11239 | GHSS Chullimanna | Mlpm | Govt | 1,38 | 11 |
| 56 | 12005 | GHSS Thariode | Wynd | Govt | 1,39 | 11 |
| 57 | 12008 | GHSS Padinjarathara | Wynd | Govt | 1,11 | 38 |
| 58 | 12030 | GHSS Mulankvu | Wynd | Govt | 1,39 | 11 |
| 59 | 12032 | GHSS Kattikkulam | Wynd | Govt | 1,10,39 | 11 |
| 60 | 12033 | GHSS Kakkayal | Wynd | Govt | 1,16,39 | 11 |
| 61 | 12038 | GHSS Perikkaloor | Wynd | Govt | 1,11,38 | 11 |
| 62 | 12051 | GHSS Kalloor | Wynd | Govt | 16,36 | 11 |
| 63 | 12052 | G Sarvajana HSS Sulthan Bathery | Wynd | Govt | 1,39 | 11 |
| 64 | 12062 | GHSS Kunjhom | Wynd | Govt | 39 | 11 |
| 65 | 12063 | GHSS Tharuvana | Wynd | Govt | 1,11 | 11,38 |
| 66 | 13016 | GHSS Kunjimangalam | Kannur | Govt | 1,36,39 | 16 |
| 67 | 13109 | GHSS Kadannapilly | Kannur | Govt | 1,2,37 | 11 |
| 68 | 13140 | PGM PHSS Cheruvancherry | Kannur | Govt | 1,36 | 11 |

| | | | | | | |
|---|---|---|---|---|---|---|
| 69 | 13169 | GHSS Aroli Pappiniserry | Kannur | Govt | 30,39 | 1,5 |
| 70 | 13104 | GHSS CHATTUKAPPARA | Kannur | Govt | 1,10,11 | 11 |
| 71 | 13024 | GHSS,CHITTARIPARAMB | Kannur | Govt | 1,11 | 10 |
| 72 | 13171 | GVHSS KURUMATHUR | Kannur | Govt | 5,39 | 1 |
| 73 | 14003 | GHSS Kumbla | KZGD | Govt | 1,4,10,39 | 1 |
| 74 | 14038 | GHSS Bangra Manjeswaram | KZGD | Govt | 1,37 | 39 |
| 75 | 14039 | GHSS Uppala | KZGD | Govt | 12,37 | 1 |
| 76 | 14042 | GCS HSS Elambachi | KZGD | Govt | 1,39 | 1 |
| 77 | 14044 | GHSS Edneer | KZGD | Govt | 12,37 | 1 |
| 78 | 14048 | GVHSS Iriyanni | KZGD | Govt | 1,5,30 | 39 |
| 79 | 14051 | GHSS Angadimogal | KZGD | Govt | 10,38 | 1 |
| 80 | 14052 | GHSS Bethurpara | KZGD | Govt | 12,39 | 1 |
| 81 | 14053 | GHSS Adoor | KZGD | Govt | 11,38 | 1 |
| 82 | 14057 | GHSS Almpady | KZGD | Govt | 37 | 1 |
| 83 | 14060 | GHSS Mangalpady | KZGD | Govt | 1,11,38 | 7 |
| 84 | 14062 | GHSS Mogral | KZGD | Govt | 36 | 1 |
| 85 | 14063 | GHSS Bekkoor | KZGD | Govt | 1,11 | 39 |
| 86 | 14067 | GHSS Shiriya | KZGD | Govt | 38,39 | 11 |
| 87 | 14092 | GHSS Attenganam | KZGD | Govt | 1,11 | 39 |
| 88 | 14096 | VKNS HSS Varakkad | KZGD | Govt | 1,11 | 39 |
| 89 | 14104 | VPPMKPS GHSS Thrikkaripur | KZGD | Govt | 5,39 | 16 |
| 90 | 12057 | GVHSS Kalpetta | Wynd | Govt | 1,39 | 11 |

എയിഡഡ് സ്കൂളുകളിൽ അനുവദിക്കേണ്ടതായ അഡീഷണൽ ബാച്ചുകൾ:

| Sl No. | School Code | School Name | District | School Type | Existing Batch | New Batch |
|---|---|---|---|---|---|---|
| 1 | 9040 | HSS Kanndi | Palakkad | Aided | 1,5,10,39 | 39 |
| 2 | 9048 | HSS Sreekrishnapuram | Palakkad | Aided | 1,5,10,38,39 | 39 |
| 3 | 9122 | CAHSS Coyalmannam | Palakkad | Aided | 1,5,22,39 | 1 |
| 4 | 9129 | DHSS Nellipuzha | Palakkad | Aided | 1,10,39 | 1 |
| 5 | 9137 | PTM HSS, Thrikkatiri | Palakkad | Aided | 1,5,36,39 | 1 |
| 6 | 9140 | DBHSS Thachampara | Palakkad | Aided | 1,5,38,39 | 11 |
| 7 | 9142 | HSS Parudur Pallippuram | Palakkad | Aided | 1,5,11,39 | 11 |
| 8 | 9148 | HSS Aknmmam, Kattukulam | Palakkad | Aided | 1,5,39 | 11 |
| 9 | 9152 | HSS Anangannadi | Palakkad | Aided | 1,39,45 | 39 |

| | | | | | | |
|---|---|---|---|---|---|---|
| 10 | 9163 | HSS Sabari, Pallikurup | Palakkad | Aided | 1,39 | 39 |
| 11 | 9168 | PKHSS Mannapra | Palakkad | Aided | 1,39 | 11 |
| 12 | 10034 | RAC HSS KADAMERI | Kozhikode | Aided | 1, 16,39,44 | 31,37 |
| 13 | 10044 | Chennamangallur HSS Mukkam | Kozhikode | Aided | 1,24,36,39 | 39 |
| 14 | 10058 | Imbichi Haji HSS Chaliyam | Kozhikode | Aided | 1,5,34,39 | 11 |
| 15 | 10059 | Calicut HSS Kolathara | Kozhikode | Aided | 11,39 | 38 |
| 16 | 10067 | MJ HSS Elettil | Kozhikode | Aided | 1,30,39 | 5,30 |
| 17 | 10090 | MKHMMO HSS Manasserry Mukkam | Kozhikode | Aided | 1,38,44 | 1 |
| 18 | 10150 | CMM HSS Thalakkalathur | Kozhikode | Aided | 1,5,39 | 11,25 |
| 19 | 10155 | Poilkavu HSS Edakkulam | Kozhikode | Aided | 1,5,39 | 11,39 |
| 20 | 10156 | Velom HSs Cherapuram | Kozhikode | Aided | 1,10,39 | 39 |
| 21 | 10158 | KPESHSS Kayakkodi | Kozhikode | Aided | 1,5,34,37 | 31 |
| 22 | 10162 | Vadakkumpad HSS Paleri | Kozhikode | Aided | 1,16,36,38 | 1,16 |
| 23 | 10164 | Chakkalakkal HSS Madavoor | Kozhikode | Aided | 1,39 | 1 |
| 24 | 10165 | St. Mary's HSS Thamaraserry Koodathayi | Kozhikode | Aided | 1,34,39 | 1 |
| 25 | 10167 | CM HSS Mannur Nort | Kozhikode | Aided | 1,39 | 1 |
| 26 | 10168 | Fathimabi Memorial HSS Koombara | Kozhikode | Aided | 1,11,39 | 16 |
| 27 | 10169 | Markaz Girls HSS Karanthur | Kozhikode | Aided | 1,5,11,39 | 1 |
| 28 | 10171 | PVS HSS Eranjikkal | Kozhikode | Aided | 1,5,39 | 34,20 |
| 29 | 10188 | MKHMMOVHSS For Girls Mukam | Kozhikode | Aided | 1,39 | 1 |
| 30 | 10190 | Pantheeramkavu HSS | Kozhikode | Aided | 1,39 | 38 |
| 31 | 10193 | MUMV HSS Vadakara | Kozhikode | Aided | 1,39 | 1,39 |
| 32 | 10194 | Cresent HSS Vanimel | Kozhikode | Aided | 1,38 | 1 |
| 33 | 10195 | EMJAY VHSS Villiyapilly | Kozhikode | Aided | 1,39 | 1,36 |
| 34 | 10197 | BEM HSS Vadakara | Kozhikode | Aided | 5,39 | 1 |
| 35 | 11037 | MMMHSS Kuttayi, Tirur | Malappuram | Aided | 1,10,31,39 | 1,,31 |
| 36 | 11038 | IKT HSS CHERUKULAMBA VATTALOOR | Malappuram | Aided | 01, 05, 11, 22,23, 24, 39, 38 | 38 |
| 37 | 11049 | CBHSS VALLIKUNNU | Malappuram | Aided | 01, 11,38 | 39 |
| 38 | 11050 | HMYHSS MANJERI | Malappuram | Aided | 01-3, 05-1, 11-1, 36-1 | 11,35 |

| | | | | | | |
|---|---|---|---|---|---|---|
| 39 | 11053 | DHOHSS POOKKARATHARA, EDAPPAL | Malappuram | Aided | 01-2, 39-3, 38-1, 11-1, 18-1 | 5,36 |
| 40 | 11057 | PPMHSS KOTTUKKARA | Malappuram | Aided | 01-3, 05-1, 39-3, 11-1, 30-1 | 35 |
| 41 | 11059 | PPTYM HSS CHERUR | Malappuram | Aided | 1-4, 11-1 | 38,44 |
| 42 | 11062 | PKMHSS EDARIKODE | Malappuram | Aided | 01-4, 05-01, 39-1 | 1,5,39 |
| 43 | 11063 | SSMHSS THEYYALINGAL | Malappuram | Aided | 01-2, 12-2, 19-1, 39-3 | 1,19 |
| 44 | 11064 | VPKMHSS, PALLIKKAL | Malappuram | Aided | 01-2, 11-2, 39-1 | 11,39 |
| 45 | 11075 | DHRHSS FOR WOMEN, EDAPPALLY | Malappuram | Aided | 01, 2 | 19,39 |
| 46 | 11076 | ARHSS For GIRLS, PAVITTAPPURAM | Malappuram | Aided | 01-1, 39-1 | 01, 39 |
| 47 | 11079 | EMOR GHSS PALAD | Malappuram | Aided | 1, 1 | 11,39 |
| 48 | 11211 | VVMHSS MARAKKARA | Malappuram | Aided | 01-2, 38-1, 11-1 | 39 |
| 49 | 11213 | CHM HSS POOKOLATHUR | Malappuram | Aided | 1-2, 11-1, 39-1 | 11,39 |
| 50 | 11214 | NATIONAL HSS KULATHUR | Malappuram | Aided | 01-1, 05-1, 11-1, 38-1 | 1,39 |
| 51 | 11215 | CHESENT HSS ADAKKAKUNDU | Malappuram | Aided | 01-2, 10-1, 39-1 | 10,39 |
| 52 | 11218 | KMHSS KARULAI | Malappuram | Aided | 01, 11, 39 | 1,11 |
| 53 | 11219 | ASMHSS VELLIYANCHERY | Malappuram | Aided | 01-1, 05-1, 39-1, 11-1 | 10,39 |
| 54 | 11220 | CPPHMHSS OZHUR | Malappuram | Aided | 01-2, 39-2 | 11 |
| 55 | 11221 | KHMHSS ALATHIYOOR | Malappuram | Aided | 01-1, 09-1, 39-1, 24-1 | 1,9 |
| 56 | 11222 | ABDURAHMAN NAGAR HSS, CHENDAPPURAYA | Malappuram | Aided | 1, 5, 11, 39 | 44 |
| 57 | 11223 | KHMHSS VALAKULAM | Malappuram | Aided | 01-2, 36-1, 39-1 | 36,39 |
| 58 | 11224 | MUNNIYOOR HSS PARAKKADAVU | Malappuram | Aided | 01, 36, 11 | 11,36 |
| 59 | 11225 | IUHSS PARAPPUR | Malappuram | Aided | 01-2, 34-1, 39-1 | 11,39 |
| 60 | 11226 | RMHSS MELATTUR | Malappuram | Aided | 01-1, 05-1, 36-1, 11-1 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 61 | 11228 | IO HSSEDAVANNA | Malappuram | Aided | 01-2, 39-1, 30-1 | 1,39 |
| 62 | 11231 | TARAKAN HSS ANGADIPPURAM | Malappuram | Aided | 01, 05, 39 | 11,39 |
| 63 | 11232 | DARUL ULUM HSS PANAKKAD | Malappuram | Aided | 01-1, 05-1, 11-1, 39-2 | 44 |
| 64 | 11234 | SMMHSS RAYIRIMANGALAM | Malappuram | Aided | 1-1, 5-1, 11-1, 39-1 | 11,39 |
| 65 | 11236 | AKMHSS KOTTUR | Malappuram | Aided | 01-2, 39-1 | 11,39 |
| 66 | 11237 | PMSAVHSS CHAPPANANGADI | Malappuram | Aided | 01-1, 39-1 | 1,39 |
| 67 | 11242 | SULLAMUSSALAM ORIENTAL HS AREEKODE | Malappuram | Aided | 1-1, 11-1 | 1,39 |
| 68 | 11243 | KKMHSS CHEKODE | Malappuram | Aided | 01, 39 | 34 |
| 69 | 11244 | AHSS PAREL MAMPATTUMOOLA | Malappuram | Aided | 01-1, 39-1 | 5,39 |
| 70 | 11245 | CHMKMHSS, KAVANUR | Malappuram | Aided | 01-1, 39-1 | 11 |
| 71 | 11246 | THACHINGANADAM HSS | Malappuram | Aided | 01-1, 39-1 | 44 |
| 72 | 11249 | AMHSS VENGOOR | Malappuram | Aided | 01-1, 39-1 | 1,34 |
| 73 | 11250 | CRESCENT HSS OHUKUR | Malappuram | Aided | 01-1, 38-1 | 5,39 |
| 74 | 11251 | MUHSS OORAKAM | Malappuram | Aided | 01,11 | 5,39 |
| 75 | 11253 | GIRLS HSS PONNANI | Malappuram | Aided | 1-1, 36-1 | 11 |
| 76 | 11254 | HIOHSS OLAVATTUR | Malappuram | Aided | 01, 39 | 11 |
| 77 | 11255 | CHERURAL HSS | Malappuram | Aided | 1, 39 | 1 |
| 78 | 12024 | St. Marys College HSS Sultain Bathery | Wayanad | Aided | 1,10 | 39 |
| 79 | 12027 | WO VHSS Muttil | Wayanad | Aided | 39 | 39 |
| 80 | 13054 | Mambaram HSS Mambaram | Kannur | Aided | 1,2,5,39 | 6,10 |
| 81 | 13064 | Kadambur HSS | Kannur | Aided | 1,5,21,36 | 1 |
| 82 | 13143 | CHM HSS Elayavoor | Kannur | Aided | 1,20,39 | 1,11 |
| 83 | 13146 | Rajiv Gandhi Memorial HSS Mokeri | Kannur | Aided | 1,5,36 | 15,38 |
| 84 | 13169 | Sir. Syed HSS Thalipparamba | Kannur | Aided | 1,20,39 | 20 |

5. പ്രാദേശികമായി വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധനവുള്ളതിനാലും പഠനസൗകര്യം കുറവുള്ളതിനാലും ചില ഹൈസ്കൂളുകളെയെങ്കിലും ഹയർസെക്കന്ററിയായി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടെന്ന് കമ്മിറ്റി വിലയിരുത്തുന്നു. അതിന്റെയടിസ്ഥാനത്തിൽ ഇനി പറയുന്ന സ്കൂളുകളിൽ അതിനോടൊപ്പം നിർദേശിച്ചിരിക്കുന്ന കോഴ്സ് കോമ്പിനേഷനുകളോടെ ഹയർസെക്കന്ററി ബാച്ചുകൾ താൽക്കാലികമായി അനുവദിക്കാൻ ശിപാർശ ചെയ്യുന്നു. പുതിയ താൽക്കാലികബാച്ചുകൾ അനുവദിക്കുന്ന സ്കൂളുകളുടെ അതേ മാനദണ്ഡമനുസരിച്ചായിരിക്കണം അപ്ഗ്രേഡ് ചെയ്യുന്ന സ്കൂളുകളും മൂന്നുവർഷം വരെ പ്രവർത്തിക്കേണ്ടത്. ബാച്ച് സ്ഥിരപ്പെടുത്തലും തസ്തികസൃഷ്ടിക്കലും അതിന് ശേഷംമാത്രം നടത്തിയാൽ മതിയാകുന്നതാണ്.

| Sl No. | School Code | School Name | District | School Type | New Batch Proposed | |
|---|---|---|---|---|---|---|
| 1 | 15084 | GHS Varambatta | Wayanad | Govt | 11, 1 | Regional Demand |
| 2 | 15086 | GHS Beenachi | Wayanad | Govt | 11,38 | Regional Demand |
| 3 | 48137 | GHS Vettippara | Malappuram | Govt | 1,11,39 | Regional Demand |
| 4 | 48138 | GHS Munderi | Malappuram | Govt | 11,39 | Regional Demand |
| 5 | 48549 | GHS Anchachavadi | Malappuram | Govt | 1,11,39 | Regional Demand |
| 6 | 48141 | GHS Perakamanna | Malappuram | Govt | 11,39 | Regional Demand |
| 7 | 12067 | GHSS Panathur | Kasaragod | Govt | 11,39 | Tribal Students |
| 8 | 11067 | GHS Kadambar | Kasaragod | Govt | 12,39 | Regional Demand |
| 9 | 11070 | GHS Kodiyamma | Kasaragod | Govt | 24,39 | Regional Demand |
| 10 | 16087 | GHSS Vanmukham | Kozhikode | Govt | 1,11 | Regional Demand |
| 11 | 17001 | G Ganapath B HSS. Palappuram | Kozhikode | Govt | 1,39,11 | Regional Demand |
| 12 | 21099 | GTWHS Anakkal Malampuzha | Palakkad | Govt | 11, 39 | Regional Demand |
| 13 | 21135 | GHS Ummini, Palakkad | Palakkad | Govt | 1,11 | Regional Demand |
| 14 | 51044 | GHSS Manikkaparamb | Palakkad | Govt | 11,39 | Regional Demand |
| 15 | 51045 | GHS Nechulli | Palakkad | Govt | 39,11 | Regional Demand |
| 16 | 21127 | GHS Vadasserippuram | Palakkad | Govt | 11,39 | Regional Demand |
| 17 | 21134 | GTWHS Mattathukad (Tamil) | Palakkad | Govt | 11,39 | Regional Demand |

എയിഡഡ് ഹൈസ്കൂളിൽ ഹയർസെക്കന്ററി ബാച്ച് അനുവദിക്കേണ്ടത്:

| School code | Name Of school | District | School type | Courses proposed | Remarks |
|---|---|---|---|---|---|
| 18071 | AMM HS Pulikkal | Malappuram. | Aided | 1, 11, 39 | Regional Demand |

6. നിലവിൽ 25വിദ്യാർത്ഥികളിൽ കറവുള്ള ബാച്ചുകളിലും ഒരേവിഷയ കോമ്പിനേഷനുകളിൽ പലബാച്ചുകളനുവദിച്ചിരിക്കുന്നിടത്ത് ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ലാത്ത ബാച്ചുകളിലും സ്ഥിരാധ്യാപകർ ജോലിചെയ്യുന്നതായി കാണുന്നുണ്ട്. 2023ലെ അഡ്മിഷൻ സ്റ്റാറ്റസ് പ്രകാരം ഒന്നാമത്തെ ടേമിൽ തന്നെ അത്തരം തസ്തികകൾ പുനർനിർണയിക്കേണ്ടതും മുമ്പ് ബാച്ചുകൾ മാറ്റിനൽകിയ സ്കൂളുകളിലേക്കും തസ്തികകൾ സൃഷ്ടിക്കാത്ത ബാച്ചുകൾ നിലനിൽക്കുന്ന സ്കൂളുകളിലേക്കും അധ്യാപകരെ പുനർവിന്യസിക്കേണ്ടതുമാണ്. പൂർണതോതിൽ വിദ്യാർത്ഥികളുള്ള ബാച്ചുകളിൽ ഗസ്റ്റ് അധ്യാപകർ ജോലിചെയ്യുന്നതും സ്പെഷ്യൽ റൂൾസ് പ്രകാരം ഉണ്ടാവേണ്ടതായ മിനിമം 25 വിദ്യാർത്ഥികളില്ലാത്ത ബാച്ചുകളിൽ (സ്പെഷ്യൽ സ്കൂളുകളിലൊഴികെ) സ്ഥിരാധ്യാപകർ ജോലിചെയ്യുന്നതുമായ സാഹചര്യം ഒഴിവാക്കേണ്ടതാണ്.

7. പ്രാദേശികമായി വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുക്കാതെ പഞ്ചായത്തടിസ്ഥാനത്തിൽ ഹയർസെക്കന്ററിസ്കൂളുകൾ നിലനിർത്തുന്നത് സാമ്പത്തികബാധ്യത വർധിപ്പിക്കുന്നതോടൊപ്പം സ്പെഷ്യൽ റൂൾസിന്റെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സ്ഥിരതസ്തികകൾ അനുവദിക്കാനാകാതെ ഇടരുന്നസാഹചര്യവും സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ എന്നത്

വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, ഹയർസെക്കന്ററി കോഴ്സിന്റെ സ്വഭാവത്തിനനുസരിച്ചും ശാസ്ത്രീയപരിഗണനയിലുള്ള ആവശ്യമല്ല. പത്താംക്ലാസ് വരെ എല്ലാവിദ്യാർത്ഥികളും ഒരേവിഷയങ്ങൾ പഠിക്കുമ്പോൾ ഹയർസെക്കന്ററിയിൽ സയൻസ് വിഷയങ്ങളിൽ 9 വിഷയകോമ്പിനേഷനുകളും ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ 32 വിഷയകോമ്പിനേഷനുകളും കോമേഴ്സ് വിഷയങ്ങളിൽ 4 വിഷയകോമ്പിനേഷനുകളുമാണ് നിലവിലുള്ളത്. വിദ്യാർത്ഥികളുടെ ഇഷ്ടത്തിനും മെരിറ്റിനും അനുസരിച്ച് പഠിക്കാനുള്ള അവസരങ്ങളാണ് വേണ്ടത്. പത്താംക്ലാസിൽ പഠിച്ചവർക്കെല്ലാം അതേ സ്കൂളിൽ ഹയർസെക്കന്ററിക്ക് അഡ്മിഷന് അവസരം ലഭിക്കണമെന്ന വാദവും സ്വന്തംപഞ്ചായത്തിൽ തന്നെ പഠിക്കാൻ അവസരം ലഭിക്കണമെന്ന വാദവും അതിനാൽ തന്നെ പൂർണതോതിൽ ശരിയല്ലെന്ന് പറയേണ്ടിവരും. നാല്പത്തഞ്ച് വിഷയകോമ്പിനേഷനുകൾ ഒരുസ്കൂളിൽ അഥവാ ഒരുപഞ്ചായത്തിൽ ലഭ്യമാവുക സാധ്യമല്ല. ഭൂരിഭാഗം വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന കോമ്പിനേഷനുകൾ വിദ്യാർത്ഥികളുടെ പ്രാദേശികമായ എണ്ണംകൂടി കണക്കിലെടുത്ത് സമീപസ്ഥലങ്ങളിൽ അനുവദിക്കുകയെന്ന രീതിമാത്രമാണ് പ്രായോഗികമായി സ്വീകരിക്കാനാവുക. അതിനാൽ എസ്.എസ്.എൽ.സി.ക്കും ഹയർസെക്കന്ററിക്കും വിദ്യാർത്ഥികൾ വളരെക്കുറവുള്ള സ്കൂളുകളിലെ ബാച്ചുകൾ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് മാറ്റിക്രമീകരിക്കുമ്പോൾ ഒരുപഞ്ചായത്തിൽ ഒരുസ്കൂൾ മാത്രമേയുള്ളൂ എന്നതിനാൽ ഹയർസെക്കന്ററി നിലനിർത്തണം എന്നവാദം പൂർണമായി അംഗീകരിക്കേണ്ടതില്ല. അത്തരം സ്കൂളുകളിലെ ബാച്ചുകൾമാറ്റുക എന്നത് ഉചിത തീരുമാനമായിരിക്കും. എസ്.എസ്.എൽ.സി.ക്ക് 25ൽ താഴെ വിദ്യാർത്ഥികൾ മാത്രമുള്ളതും ഹയർസെക്കന്ററിയിൽ അഡ്മിഷൻ കുറവുള്ളതുമായ സ്കൂളുകളിൽ അടുത്തവർഷങ്ങളിലും ഇപ്പോഴത്തെ സ്ഥിതിതുടരുകയാണെങ്കിൽ കൂടുതൽബാച്ചുകൾ മാറ്റിനൽകേണ്ടതാണ്.

8. വിഷയകോമ്പിനേഷനുകൾ മാറുന്നതിനായി ലഭിച്ച അപേക്ഷകൾ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. അതിൻപ്രകാരം സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത

ഇതിനോടൊപ്പമുള്ള പട്ടികയിലെ കോമ്പിനേഷൻമാറ്റങ്ങൾ അനുവദിച്ച് നൽകാൻ കമ്മിറ്റി ശിപാർശ ചെയ്യുന്നു.

| Sl.No. | District | School Code | School Name | Need | Remarks |
|---|---|---|---|---|---|
| 1 | Alappuzha | 4091 | GVHSS Kodamthuruth | Combination Change AFS to CA | No financial burden |
| 2 | Idukki | 6026 | St. George HSS Kattappana | Combination Change 38 to 39 | Teacher retiring No financial Burden |
| 3 | Idukki | 6061 | Panchayath HSS Elappara | Combination Change AFS to CA | No financial burden |
| 4 | Ernakulam | 7090 | St. Augustine's G HSS Muvatupuzha | Combination Change political Science to CA | No financial burden |
| 5 | Thrissur | 8062 | St. Antony's HSS Puthukkad | Combination Change AFS to CA | No financial burden |
| 6 | Palakkad | 9009 | GMMGHSS Palakkad | Combination Change AFS to CA | No financial burden |
| 7 | Palakkad | 9027 | GHSS Ganeshgiri | Combination changes 1 to 2 | No financial Burden |
| 8 | Palakkad | 9043 | TRK HSS Vaniyamkulam | Combination changes 45 to 11 | Teacher retiring |
| 9 | Palakkad | 9043 | TRK HSS Vaniyamkulam | Combination changes 45 to 11 | Retirement. No addl financial commitment |
| 10 | Palakkad | 9077 | GT HSS Sholayur | Combination Change AFS to CA | No financial burden |
| 11 | Kozhikode | 10137 | GHSS Kunduparamba | Combination Change AFS to CA | No financial burden |
| 12 | Kozhikode | 10137 | GHSS Kunduparamba | Combination Change AFS to CA | No financial burden |
| 13 | Malappuram | 11165 | Kelappan memorial GVHSS Thavanoor | Combination Change AFS to CA | No financial burden |
| 14 | Malappuram | 11165 | Kelappan Memorial HSS Thavanoor | Combination Change AFS to CA | No financial burden |
| 15 | Kannur | 13146 | Rajiv Gandhi HSS Mokeri | Combination Change 36 to 39 | No financial burden |
| 16 | Kasaragod | 14022 | HHSIBSwamiji's HSS Edaneer | Combination Change 26 to 10 | No financial burden |

9. 2014-15, 2015-16 വർഷങ്ങളിൽ ഹയർസെക്കന്ററി ബാച്ചുകൾ പുതുതായി അനുവദിച്ച സ്കൂളുകളിൽ ഇതുവരെതസ്തികകൾ സൃഷ്ടിക്കാത്തവയുണ്ട്. 25-40 വിദ്യാർത്ഥികളുള്ളതും 2014-15ന് മുമ്പുള്ളതുമായ നിരവധി ബാച്ചുകളിൽ സ്ഥിരാധ്യാപകർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. ഈ സാഹചര്യം പരിഗണിച്ച് മേൽസൂചിപ്പിച്ച വർഷങ്ങളിൽ അനുവദിച്ച ബാച്ചുകളിൽ സ്ഥിരമായി 40ൽ കുറയാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ നേടുന്നുണ്ടെങ്കിൽ പ്രാദേശികമായി ആവശ്യകതയുണ്ടെന്നത് കണക്കിലെടുത്ത് മൂന്ന് വർഷം തുടർച്ചയായി 50 വിദ്യാർത്ഥികൾ ഉണ്ടെങ്കിൽമാത്രം തസ്തിക സൃഷ്ടിക്കുകയെന്ന സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി തസ്തികകൾഅനുവദിക്കേണ്ടതാണ്.

10. മുൻവർഷങ്ങളിൽ ഷിഫ്റ്റ് ചെയ്ത ബാച്ചുകളിൽ പൂർണതോതിൽ അഡ്മിഷൻ നടക്കുന്നതായി കാണുന്നു. ആയതിനാൽ മുൻപ് ഷിഫ്റ്റ് ചെയ്ത ബാച്ചുകൾ അത് ലഭിച്ച സ്കൂളുകളിൽ സ്ഥിരപ്പെടുത്തുന്നതിനും അധ്യാപകതസ്തികകൾ അതിനനുസരിച്ച് ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കഴിഞ്ഞവർഷം അനുവദിച്ച താൽകാലികബാച്ചുകൾ ഈവർഷവും തുടരണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. പാലക്കാട് പി.എം.ജി ഗവ. ഹയർസെക്കന്ററി സ്കൂളിലെ (9008) താൽക്കാലികബാച്ച് (ഹ്യൂമാനിറ്റീസ്-കോഡ് 10) ബിഗ്ബസാർ ഗവ.ഹയർസെക്കന്ററി സ്കൂളിലേക്ക് മാറ്റി നൽകേണ്ടതാണ്. മറ്റ് സ്കൂളുകളിലെ താൽക്കാലികബാച്ചുകൾ മാറ്റിനൽകുവാൻ സമീപസ്ഥലങ്ങളിൽ സൗകര്യങ്ങൾ കുറവായതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന സ്കൂളുകളിൽ തുടരേണ്ടതുണ്ടെന്ന് കാണുന്നു. ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ കുറവുള്ളിടങ്ങളിൽ അതാത് ജില്ലാപഞ്ചായത്തുകൾ അതിനുവേണ്ടതായ നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിക്കേണ്ടതാണ്. ചില ജില്ലകളിൽ നിന്ന് ആവശ്യകതകൾക്കനുസരിച്ച് നിർദേശങ്ങൾ ലഭിച്ചിട്ടില്ലെന്ന കാര്യവും അടിസ്ഥാനസൗകര്യവികസനകാര്യത്തിൽ എല്ലാ ഹയർസെക്കന്ററിസ്കൂളുകളെയും പരിഗണിച്ചിട്ടില്ലെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് അടിയന്തിരനടപടികൾ ആവശ്യമാണ്.

11. എയിഡഡ് ഹയർസെക്കന്ററി ബാച്ചുകളോടൊപ്പം അൺഎയിഡഡ് ബാച്ചുകൾ അനുവദിച്ചിരിക്കുന്ന സ്കൂളുകളിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ലാത്തതും ഉള്ളതുമായ അവസ്ഥയുണ്ട്. ആകെ 90ബാച്ചുകൾ ഇപ്രകാരം അനുവദിച്ചിട്ടുണ്ട് . 25ൽ അധികം വിദ്യാർത്ഥികളുള്ള അൺഎയിഡഡ് ബാച്ചുകൾ 30 എണ്ണമാണ് നിലവിൽ എയിഡഡ് ബാച്ചുകളോടൊപ്പം സ്വകാര്യസ്കൂളുകളിൽ നിലനിൽക്കുന്നത്. ഈ ബാച്ചുകൾ നിലനിൽക്കുന്ന പല സ്കൂളുകളുടെയും ഒന്നുമുതൽ അഞ്ച് വരെ കിലോമീറ്റർ ചുറ്റളവുകളിലുള്ള സർക്കാർ സ്കൂളുകളിലെയും മറ്റ് എയിഡഡ് സ്കൂളുകളിലെയും അംഗീകൃത ബാച്ചുകളിലെ അഡ്മിഷനെ അത് ബാധിക്കുന്നുവെന്നത് പ്രസക്തമായ കാര്യമാണ്. മാത്രമല്ല വിദ്യാർത്ഥികൾ എയിഡഡ് ബാച്ചാണെന്നോ അൺഎയിഡഡ് ബാച്ചാണെന്നോ തിരിച്ചറിയാതെയാണ് മാനേജ്മെന്റ് ക്വാട്ടയുടെ പേരിൽ അഡ്മിഷൻ എടുക്കുന്നത്. വലിയതുക ഡൊണേഷൻ, ഫീസ് ഇനങ്ങളിൽ നൽകേണ്ടിയുംവരുന്നു. അധ്യാപകർക്ക് കൃത്യമായ ശമ്പളം നൽകുന്നില്ല. ചിലയിടങ്ങളിലെങ്കിലും എയിഡഡ് അധ്യാപകരെ അൺഎയിഡഡ് ബാച്ചിലും പഠിപ്പിക്കാൻ നിയോഗിക്കുന്നതായും വിദ്യാർത്ഥികളെ ഒരുമിച്ച് ഇരുത്തി പഠിപ്പിക്കുന്നതായും പരാതികളുമുണ്ട്. അതിനാൽ എയിഡഡ് സ്കൂളുകളിൽ അൺ എയിഡഡ് ബാച്ചുകൾ അനുവദിച്ചിരിക്കുന്നത് നിർത്തലാക്കാൻ ശിപാർശചെയ്യുന്നു. അതേസമയം ഹയർസെക്കന്ററി സെക്ഷനിൽ അൺഎയിഡഡ് ബാച്ചുകൾ മാത്രം അനുവദിച്ചിരിക്കുന്ന എയിഡഡ് സ്കൂളുകളിലെ ബാച്ചുകൾ നിലനിർത്താവുന്നതാണ്. മാർജിനൽ സീറ്റ് വർധനവ് അനുവദിക്കുന്ന ജില്ലകളിലും താലൂക്കുകളിലും അത്തരംവർധനവ് അൺഎയിഡഡ് ബാച്ചുകൾക്കും ബാധകമാക്കേണ്ടതുമാണ്.

12. ഒന്നിലധികം ബാച്ചുകളുള്ള ഹയർസെക്കന്ററിസ്കൂളുകളിൽ ഒരുഉപഭാഷ മാത്രമനുവദിച്ചിരിക്കുന്നത് സംബന്ധിച്ച് രക്ഷിതാക്കളും വിദ്യാർത്ഥികളും പരാതികൾ ഉന്നയിക്കുന്നുണ്ടെന്നതിനാൽ ഒരുഉപഭാഷകൂടി അനുവദിക്കണമെന്ന ആവശ്യം ചിലസ്കൂളുകളിൽ നിന്ന് ഉന്നയിച്ചിട്ടുണ്ട്. കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കേരളത്തിലെ എട്ട് സ്കൂളുകളിൽ ഒരുഹയർസെക്കന്ററി ബാച്ചിന് രണ്ട് ഉപഭാഷകൾ

അനുവദിച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ രണ്ട് ബാച്ചുകളുള്ള നാല് സ്കൂളുകളിലും മൂന്ന് ബാച്ചുകളുള്ള ഒമ്പത് സ്കൂളുകളിലും നാല് ബാച്ചുകളുള്ള മൂന്ന് സ്കൂളുകളിലും ഒരു ഉപഭാഷ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ സ്കൂളുകളിൽ നിലവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഉപഭാഷാതസ്തികകളുടെ കണക്ക് പരിശോധിച്ച് ആവശ്യമായ പുനക്രമീകരണം സാധ്യമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതും അതിന്ശേഷം ഓരോ ഉപഭാഷകൾ കൂടി അനുവദിക്കേണ്ടതുമാണെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു. അത് സംബന്ധിച്ച ലിസ്റ്റ് താഴെ കൊടുക്കുന്നു:

| District | School Code | School Name | School Type | Batchs | Second Language |
|---|---|---|---|---|---|
| KLM | 2020 | GHSS KUMMIL, KOLLAM | Government | 4 | Malayalam |
| KLM | 2098 | JAWAHAR HSS, AYUR, KOLLAM | Government | 3 | Malayalam |
| KLM | 2103 | GOVT. HSS, ASHTAMUDY, KUNDARA, KOLLAM | Government | 2 | Malayalam |
| KLM | 2115 | GOVT. HSS, VAKKANAD, KUZHIMATHICADU, KOLLAM | Government | 2 | Malayalam |
| IDK | 6012 | GOVT HSS,KUTTIPLANGAD,IDUKKI | Government | 2 | Malayalam |
| IDK | 6016 | NEHRU SMARAKA PANCHAYATH HSS,PUTTADY,IDUKKI | Government | 3 | Malayalam |
| IDK | 6067 | Govt. Tribal H S S, Kattappana | Government | 3 | Malayalam |
| EKM | 7031 | GOVT SANSKRIT HSS,THRIPOONITHURA,ERNAKULAM | Government | 3 | Sanskrit |
| MLP | 11079 | J.N.R. HSS, EDAVANNA, SALAH NAGAR, MALAPPURAM | Aided Minority | 2 | Arabic |
| WYD | 12008 | GOVT HSS, PADINJARATHARA, WAYANAD | Government | 3 | Malayalam |
| WYD | 12023 | SACRED HEART HSS, DWARAKA, WAYANAD | Aided Minority | 4 | Malayalam |
| WYD | 12031 | GOVT. HSS, THRISSILERY, WAYANAD | Government | 3 | Malayalam |
| WYD | 12036 | GOVT. HSS, KOLERY, POOTHADI, WAYANAD | Government | 3 | Malayalam |
| WYD | 12041 | GHSS NIRVARAM, NIRVARAM, WAYANAD, | Government | 3 | Malayalam |
| KNR | 13036 | GOVT HSS, SREEPURAM, MANAKADAVU P.O., KANNUR | Government | 4 | Malayalam |
| KNR | 13123 | GHSS, PRAPPOYIL, KANNUR, | Government | 3 | Malayalam |

13. നിലവിൽ വിദ്യാർത്ഥികൾ കുറവുള്ള എയിഡഡ് സ്കൂൾ ബാച്ചുകൾ താഴെപറയുന്നു. സിംഗിൾ മാനേജ്മെന്റ് സ്കൂളുകളായതിനാൽ അവ ഷിഫ്റ്റ് ചെയ്യുന്നതിനോ അധ്യാപകരെ പുനർവിന്യസിക്കുന്നതിനോ നിലവിൽ സാധ്യത കാണുന്നില്ല. ഈ സാഹചര്യത്തിൽ 2023ലെ അഡ്മിഷൻ സ്റ്റാറ്റസ് കൂടി പരിഗണിച്ചശേഷം ഇത്തരം സ്കൂളുകളിലെ ബാച്ചുകളെ സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. കൂടുതൽ സ്കൂളുകൾ ഈ പട്ടികയിൽ വരുന്നുണ്ടെങ്കിൽ അവയുടെ കാര്യത്തിലും തീരുമാനമെടുക്കേണ്ടതാണ്. അടുത്തവർഷം മുതൽ ബാച്ച് നിർത്തലാക്കുകയോ ഉചിതമായ രീതിയിൽ മറ്റെവിടേക്കെങ്കിലും മാറ്റുകയോ ചെയ്യാവുന്നതാണ്.

| Sl No. | School Code | School Name | District | School Type | Course code |
|---|---|---|---|---|---|
| 1 | 3017 | Balikamatom GHSS Thiruvalla | PTA | Aided | 11 -One batch |
| 2 | 3028 | Padmanabhodyam HSS Mezhuveli | PTA | Aided | 39 -One batch |
| 3 | 3104 | Gurukulam HSS Edakkulam Ranni | PTA | Aided | 5 -One batch |
| 4 | 3020 | St. Steresa SBC HSS Chengaroor | PTA | Aided | 1 -One batch |
| 5 | 7051 | St. Marys HSS Arakkuzha | EKM | Aided | 1- One batch |
| 6 | 9132 | Polachirackal HSS Nelliyamapathy | PLKD | Aided | 1- One batch |

14. വിഴിഞ്ഞം അന്തർദേശീയതുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകളുടെഭാഗമായി വിഴിഞ്ഞം സെന്റ്.മേരീസ് ഹയർസെക്കന്ററിസ്കൂളിൽ (1081) അഡീഷണൽ ബാച്ച്അനുവദിക്കണമെന്ന് പലതവണയായി കത്തുകൾവന്നിട്ടുണ്ട്. ഏറ്റവുമൊടുവിൽ തിരുവനന്തപുരം ജില്ലാകളക്ടറും കത്തയച്ചിരുന്നു. കമ്മിറ്റിയുടെ മുന്നിലും വിഷയം വന്നിരുന്നു. പ്രസ്തുതസ്കൂളിൽ ഒരുഅഡീഷണൽ ബാച്ച് (കോഴ്സ്കോഡ്:39-കോമേഴ്സ്) അനുവദിക്കാൻ ശിപാർശ ചെയ്യുന്നു. സംസ്ഥാനത്ത് ഒരുബാച്ച്മാത്രം അനുവദിച്ചിരിക്കുന്ന

ഏകഎയിഡഡ് സ്കൂൾ ആയ കടക്കാവൂർ ശ്രീസേതുപാർവതിഭായ് ഹയർസെക്കന്ററി സ്കൂളിൽ (01181) ഒരുബാച്ച് കൂടി അനുവദിക്കണമെന്ന ആവശ്യം കമ്മിറ്റിയുടെ മുമ്പാകെ വരികയുണ്ടായി. ചിറയിൻകീഴ് താലൂക്കിലെ ആവശ്യകത പരിഗണിച്ചും സ്കൂളിലെ എസ്.എസ്.എൽ.സി. വിദ്യാർഥികളുടെ എണ്ണം കണക്കിലെടുത്തും ഒരുസ്കൂളിൽ ഒരുബാച്ച് എന്നത് സർക്കാരിന് സാമ്പത്തികമായി നേട്ടമല്ലെന്നതു കണക്കിലെടുത്തും പ്രസ്തുതസ്കൂളിൽ ഒരുഅഡീഷണൽ ബാച്ച് (കോഴ്സ്കോഡ്:1- സയൻസ്) അനുവദിക്കാൻ ശിപാർശചെയ്യുന്നു. മ്യൂസിക് താല്പര്യമുള്ള വിദ്യാർഥികൾക്ക് സംസ്ഥാനത്ത് ഹയർസെക്കന്ററിയിൽ പഠിക്കുന്നതിന് അവസരം കുറവാണെന്നും മ്യൂസിക് കോമ്പിനേഷൻ ഉള്ള ഒരു അൺഎയിഡഡ് ബാച്ച് അനുവദിക്കണമെന്നും ശ്രീ വിദ്യാധിരാജ എച്ച്.എസ്.എസ്., ഏറ്റുമാനൂർ (5124) അപേക്ഷ നൽകുകയുണ്ടായി. കമ്മിറ്റി ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്ത് ഒരുസർക്കാർ സ്കൂളിലും രണ്ട് എയിഡഡ് സ്കൂളിലും മാത്രമേ മ്യൂസിക് കോമ്പിനേഷൻ ഉള്ള ഹയർസെക്കന്ററി ബാച്ച് നിലവിലുള്ളൂ. ഈ സാഹചര്യത്തിലും സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തതിനാലും പ്രസ്തുതസ്കൂളിൽ (അൺഎയിഡഡ്) മ്യൂസിക് കോമ്പിനേഷൻ ഉള്ള ഹയർസെക്കന്ററി ബാച്ച് (കോഴ്സ്കോഡ്: 13ഹ്യൂമാനിറ്റീസ്) ബാച്ച്അനുവദിക്കാൻ ശിപാർശ ചെയ്യുന്നു.

## ഏകജാലകപ്രവേശനത്തിൽ വരുത്തേണ്ടതായ മാറ്റങ്ങൾ:

1. പഠിച്ച സ്കൂളിന് നൽകുന്ന വെയിറ്റേജ് ഹയർസെക്കന്ററി ഇല്ലാത്ത പൊതുവിദ്യാലയങ്ങളിൽ പത്താംക്ലാസ് പഠിച്ചവർക്ക് ദോഷകരമായി മാറുന്നുവെന്ന പരാതികളുണ്ട്. ബാലാവകാശ കമ്മീഷൻ ആ വെയിറ്റേജ് എടുത്ത് കളയണമെന്ന് നിർദേശിച്ചിട്ടുമുണ്ട്. ഈ വിഷയം കമ്മിറ്റി പരിശോധിക്കുകയുണ്ടായി. ഒരേഗ്രേഡുകൾ ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ അലോട്മെന്റുകൾ പ്രതീക്ഷിക്കാത്ത തരത്തിൽ പലയിടങ്ങളിലായിപ്പോകുന്നത് ഒഴിവാക്കാൻ ഈ വെയിറ്റേജ് നിലനിർത്തുന്നത് ഉചിതമായിരിക്കുമെന്ന് കാണുന്നു. അതേസമയം ഹയർസെക്കന്ററിയില്ലാത്ത പൊതുവിദ്യാലയങ്ങളിൽ എസ്.എസ്.എൽ.സി. പഠിച്ചവിദ്യാർത്ഥികൾക്ക് അവരുടെ ഒന്നാമത്തെ ഓപ്ഷനായ സ്കൂളിന് ഈ വെയിറ്റേജ് അനുവദിക്കേണ്ടതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ എന്നതിന് ഹയർസെക്കന്ററിയിൽ നിരവധി പരിമിതികൾ ഉണ്ട്. നിലവിൽ 11 പഞ്ചായത്തുകളിൽ ഗവൺമെന്റ്/എയിഡഡ് ഹയർസെക്കന്ററിസ്കൂളുകൾ ഇല്ല. ബാച്ച് പുനക്രമീകരണത്തിന്റെ ഭാഗമായി ചിലപഞ്ചായത്തുകളിൽ കൂടി ഹയർസെക്കന്ററി ഇല്ലാതാകാം. ഈ സാഹചര്യത്തിൽ പഞ്ചായത്ത് വെയിറ്റേജ് ഒഴിവാക്കേണ്ടതും താലൂക്കിന്റെ വെയിറ്റേജ് നിലനിർത്തേണ്ടതുമാണ്.
2. അഡ്മിഷൻ കിട്ടാൻ സാധ്യതയില്ലെന്നപേരിൽ വിദ്യാർത്ഥികളിൽ നിന്ന് വലിയതുക വാങ്ങി ഏകജാലക പ്രവേശനത്തിന് മുമ്പ്തന്നെ അൺഎയിഡഡ് സ്കൂളുകളിൽ അഡ്മിഷൻ നടത്തുന്നുവെന്നും പിന്നീട് സ്കൂൾമാറാൻ അനുവദിക്കുന്നില്ലെന്നും പരാതികൾ വരുന്നുണ്ട്. എസ്.സി./എസ്.ടി വിദ്യാർഥികൾക്ക് അർഹമായ അഡ്മിഷൻ നൽകുന്നില്ലെന്നും പരാതികളുണ്ട്. ബിരുദ/പ്രൊഫഷണൽ കോഴ്സുകളിലേക്ക് അൺഎയിഡഡിൽ ഉൾപ്പെടെ ഏകീകൃത അലോട്മെന്റാണ് ഉള്ളത്. ഹയർഓപ്ഷൻ അനുവദിക്കുന്നുമുണ്ട്. അതുപോലെ അൺഎയിഡഡ് സ്കൂളുകളിലെ 50ശതമാനം അലോട്മെന്റ് ഏകജാലകത്തിലൂടെയാക്കുവാൻ ഈകമ്മിറ്റി ശിപാർശചെയ്യുന്നു.

3. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ് വൺ പ്രവേശനത്തിൽ ആദിവാസിമേഖലകളായ വയനാട്, പാലക്കാട് ജില്ലകളിലെ സ്കൂളുകളിൽ ആദ്യഘട്ട അലോട്മെന്റിൽ ദൂരസ്ഥലങ്ങളിൽ അലോട്മെന്റ് ലഭിക്കുന്ന ആദിവാസിവിദ്യാർത്ഥികൾ താൽക്കാലികപ്രവേശനം നേടാൻ ശ്രമിക്കാത്തതിനാൽ അവർ ഏകജാലകസംവിധാനത്തിൽ നിന്ന് പുറത്താകുന്നു. പിന്നീട് ഹയർ ഓപ്ഷനനുസരിച്ച് ആഗ്രഹിച്ച സ്കൂളിൽ അവർക്ക് അലോട്മെന്റ് ലഭിക്കുകയുമില്ല. ദൂരസ്ഥലങ്ങളിൽ നിന്ന് ആദ്യ അലോട്മെന്റ് പ്രകാരം ഇത്തരം സ്കൂളുകളിൽ വന്ന് ചേരുന്നവർ പിന്നീട് ഹയർ ഓപ്ഷൻ നേടി പോവുകയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്നു. അലോട്മെന്റിൽ നിന്ന് പുറത്താകുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് പിന്നീട് സ്പെഷ്യൽഡ്രൈവ് നടത്തി പ്രവേശനം നൽകാൻ ശ്രമിച്ചാലും പൂർണമായി വിജയിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ആദിവാസി മേഖലകളിലെ സ്കൂളുകളിൽ 40ശതമാനം സീറ്റുകൾ STവിഭാഗക്കാർക്ക് മാത്രമായി അലോട്മെന്റിൽ ഉൾപ്പെടുത്തുകയും (ഇത് ന്യൂനപക്ഷ-പിന്നാക്കമാനേജ്മെന്റ് എയിഡഡ് സ്കൂളുകളിൽ കമ്മ്യൂണിറ്റി, മാനേജ്മെന്റ് ക്വാട്ടകളിലായി അനുവദിക്കുന്ന 40 ശതമാനം സീറ്റുകൾക്ക് തുല്യമാണ്) മൂന്നാമത്തെ അലോട്മെന്റിൽ 40ശതമാനം ST സീറ്റുകളിൽ ഒഴിവുള്ളവ ജനറൽ വിഭാഗത്തിലേക്ക് മാറ്റുകയുംചെയ്യേണ്ടതാണ്.

4. മെരിറ്റ് നിഷേധിക്കുന്ന രീതിഒഴിവാക്കണമെന്ന് കമ്മിറ്റിശിപാർശചെയ്യുന്നു. അൺഎയിഡഡ്, മാനേജ്മെന്റ്, കമ്യൂണിറ്റിക്വാട്ടകളിൽ അഡ്മിഷനെടുക്കുന്ന വിദ്യാർത്ഥികൾക്ക് പിന്നീട് ഏകജാലകത്തിൽ മെരിറ്റ് അലോട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടാൻകഴിയുന്നില്ലെന്ന സാങ്കേതികപ്രശ്നം പലപ്പോഴും കോടതിവ്യവഹാരങ്ങൾക്ക് വരെ കാരണമാകുന്നുണ്ട്. ഇത് മെരിറ്റ് നിഷേധമായി കണക്കാക്കാമെന്നതിനാൽ അത്തരക്കാർക്ക് ഏകജാലകഅഡ്മിഷൻ ഉറപ്പുവരുത്തേണ്ടതാണ്. മെരിറ്റിലേക്ക് മാറിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അഡ്മിഷൻസൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും മാനേജ്മെന്റുകളും പ്രിൻസിപ്പൽമാരും

ക്രമവിരുദ്ധമായി പ്രവർത്തിച്ചുവെന്ന് പിന്നീട് കണ്ടെത്തിയാൽ അച്ചടക്കനടപടിയെടുക്കേണ്ടതും പിഴഈടാക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ പ്രോസ്പെക്ടസിൽ മുൻകൂട്ടി ഉൾപ്പെടുത്തണമെന്ന് കമ്മിറ്റിശിപാർശചെയ്യുന്നു.

5. സ്കൂൾതലത്തിലെ അഡ്മിഷൻ ഡാറ്റ hscapൽ രേഖപ്പെടുത്തുമ്പോൾ തെറ്റുകൾ വന്നാൽ പരിശോധിച്ച് സർട്ടിഫൈ ചെയ്യാനുള്ള അധികാരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാക്കുക. ആർ.ഡി.ഡി.മാർ നൽകുന്ന നിർദേശമനുസരിച്ച് ഐ.സി.ടി.സെൽ ഡാറ്റയിൽ കറക്ഷൻസ് വരുത്തേണ്ടതാണ്. ഈ വ്യവസ്ഥ പ്രോസ്പെക്ടസിന്റെ ഭാഗമാക്കണം. അധ്യാപകരെയും പ്രിൻസിപ്പൽമാരെയും രക്ഷിതാക്കളെയും ഡാറ്റയിൽ തിരുത്തൽ വരുത്തുന്നതിന് തിരുവനന്തപുരത്ത് വരുത്തുന്നരീതി ഒഴിവാക്കണം.

6. ഏകജാലക പ്രവേശന നടപടികൾ അവസാനിച്ചശേഷം മാസങ്ങളോളം സ്പെഷ്യൽ ഓർഡർ അഡ്മിഷനുകൾ നീണ്ടുപോകുന്ന സാഹചര്യമാണ് മുൻവർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. ഇത് അക്കാദമികമായി ശരിയായ രീതിയല്ലെന്ന് കമ്മിറ്റി വിലയിരുത്തുന്നു. ഓരോസ്കൂളിലും അനുവദിച്ചിരിക്കുന്ന സീറ്റുകളിൽ ഒഴിവുള്ളവയിൽ സ്പെഷ്യൽ ഓർഡർ നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകാവുന്നതാണ്. അധികസീറ്റ് ആവശ്യമായിവരുന്ന അപേക്ഷകൾ മാത്രം സർക്കാരിൽ നിന്നുള്ള ഉത്തരവിന് നൽകിയാൽ മതിയെന്ന് തീരുമാനിക്കുന്നതാണുചിതം. ഭിന്നശേഷിക്കാർക്ക് അധികമായി നൽകേണ്ടിവരുന്ന സീറ്റുകളും അല്ലാതെ സ്പെഷ്യൽ ഓർഡർ നൽകേണ്ടിവരുന്നതും ചേർത്ത് ഒരുബാച്ചിൽ 60 വിദ്യാർത്ഥികളിൽ കൂടുന്നില്ല എന്നത് ഉറപ്പുവരുത്തണമെന്ന് നിർദേശിക്കുന്നു. ഏകജാലകപ്രവേശന നടപടികൾ പൂർത്തിയാക്കി ഒരുമാസത്തിനുള്ളിൽ സ്പെഷ്യൽ ഓർഡർ അഡ്മിഷനുകളും പൂർത്തിയാക്കേണ്ടതാണ്. ആയതിനാൽ സ്പെഷ്യൽ ഓർഡർ അഡ്മിഷനുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് സമയപരിധി ആവശ്യമാണ്.

7. ഏകജാലക അഡ്മിഷന് ഇപ്പോൾ നേതൃത്വം നൽകുന്ന ഐ.സി.ടി.സെൽ സമാന്തര താൽക്കാലിക സംവിധാനമായാണ് പ്രവർത്തിക്കുന്നത്. സ്ഥിരതസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണമെന്ന എ.ജി.യുടെ നിർദേശം വന്നിട്ട് വർഷങ്ങളേറെയായെങ്കിലും നടപടികളൊന്നുമുണ്ടായിട്ടില്ല. ഹയർസെക്കന്ററി അക്കാദമിക് വിഭാഗത്തിലെ സ്പെഷ്യൽസെല്ലിലാണ് ഏകജാലക പ്രവേശനനടപടികൾ കൈകാര്യം ചെയ്തിരുന്നത്. സെക്ഷൻക്ലർക്ക്, സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർക്ക് നേരിട്ട് അതിൽ ബന്ധമുണ്ടായിരുന്നു. സ്റ്റേറ്റ് കോർഡിനേറ്റർചാർജും അസിസ്റ്റന്റ് ഡയറക്ടർക്കുണ്ടായിരുന്നു. ഡെപ്യൂട്ടി ഡയറക്ടറും കണ്ടിട്ടാണ് ഫയലുകൾ ജോയിന്റ് ഡയറക്ടറുടെ അടുത്ത് വന്നിരുന്നത്. ഇപ്പോൾ സ്ഥിര ഉദ്യോഗസ്ഥരിൽ ആരുംതന്നെ ഐ.സി.ടി.സെല്ലിൽ ഇല്ല. വർക്ക് അറേഞ്ച്മെന്റിൽ ജോലിചെയ്യുന്ന ഹയർസെക്കന്ററി അധ്യാപകരും എൻ.ഐ.സി. നിയോഗിച്ചിരിക്കുന്ന കോൺട്രാക്ട് സ്റ്റാഫുകളായ പ്രോഗ്രാമേഴ്സുമാണുള്ളത്. ഫയലുകൾ ക്ലർക്ക്, സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടിഡയറക്ടർ എന്നിവരൊന്നും കാണുന്നില്ല. ഇത് ഭരണപരമായി ശരിയായ നടപടിക്രമമല്ലാത്തതും ഫയലുകളെ സംബന്ധിച്ച് ഡയറക്ടറേറ്റിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് ബന്ധമില്ലാത്തതുമായ രീതിയാണ്. അതിനാൽതന്നെ വർക്ക് അറേഞ്ച്മെന്റിൽ തുടരുന്ന അധ്യാപകർ മാറേണ്ടിവരുമ്പോൾ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ഡയറക്ടറേറ്റിലെ സെക്ഷനുമായി ബന്ധപ്പെട്ട് ഐ.സി.ടി.സെൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധനിർദേശങ്ങൾ

1. എല്ലാവിദ്യാർത്ഥികൾക്കും അവർ ആഗ്രഹിക്കുന്ന കോമ്പിനേഷനിൽ അഡ്മിഷൻ ലഭിക്കുന്നില്ല എന്ന പരാതി പലരും ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയത്തിന് ലളിതമായ പരിഹാരം സാധ്യമല്ല. കാരണം ലഭ്യമായ സീറ്റുകളിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നൽകുക എന്നതാണ് എല്ലാ കോഴ്സുകളിലും സ്വീകരിച്ചിരിക്കുന്നരീതി. സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് വിഭാഗങ്ങളിലെ 45 വിഷയകോമ്പിനേഷനുകളിൽ സ്ഥിരമായ ബാച്ചുകൾ അനുവദിച്ചിരിക്കുമ്പോൾ ഓരോ വിദ്യാർത്ഥിയുടെയും ഓപ്ഷനും മെരിറ്റും അനുസരിച്ച് ലഭ്യമായ സീറ്റുകളിൽ അലോട്മെന്റ് നൽകുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾ ആദ്യഓപ്ഷനുകളായി നൽകുന്ന കോമ്പിനേഷനുകൾ സ്വന്തം അഭിരുചിക്കനുസരിച്ചുള്ളതാണോ എന്നതിൽ ഇപ്പോൾ വ്യക്തതയൊന്നുമില്ല. രക്ഷിതാക്കളും കൂട്ടുകാരുമൊക്കെ പറയുന്നതിനനുസരിച്ച് വിഷയകോമ്പിനേഷനുകൾ ഓപ്റ്റ് ചെയ്യുന്നവർ നിരവധിയുണ്ട്. ചില മേഖലകളിലെങ്കിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ കൂടുതൽപേർ തെരഞ്ഞെടുക്കുന്ന വിഷയകോമ്പിനേഷനുകളിൽ മെരിറ്റ് കുറഞ്ഞവർക്കും അഡ്മിഷൻ ലഭിക്കുന്നുണ്ട്. ഇങ്ങനെ പ്രവേശനം നേടുന്ന പലരും പിന്നീട് കോഴ്സ് പൂർത്തിയാക്കാതെയോ വിജയിക്കാതെയോ ഓപ്പൺ സ്കൂൾ സംവിധാനങ്ങളിലൂടെ മറ്റ് വിഷയകോമ്പിനേഷനുകളിൽ പരീക്ഷ എഴുതുന്നുണ്ട്. ചിലരെങ്കിലും പഠനം അവസാനിപ്പിക്കുകയും ചെയ്യുന്നു. പുതുതായി നിർദേശിച്ചിരിക്കുന്ന പാഠ്യപദ്ധതിയുടെ ഫോക്കസ് മേഖലകളിലൊന്ന് ഗൈഡൻസും കൗൺസലിംഗുമാണ്. ഒമ്പതാംക്ലാസ് മുതൽ അഭിരുചി കൂടുതലുള്ള വിഷയങ്ങളിൽ സ്പെഷ്യൽപഠനം തുടങ്ങുന്നതിനുള്ള സാധ്യതകൾ നിലവിൽ പരിശോധിച്ചുവരികയുമാണ്. ഈ സാഹചര്യത്തിൽ ഹയർസെക്കന്ററി തലത്തിൽ അഭിരുചിക്കിണങ്ങുന്ന കോഴ്സ് തെരഞ്ഞെടുക്കുന്നതിന് അടിസ്ഥാനപരമായ ധാരണ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകുന്നതിന് ഹൈസ്കൂൾ

തലത്തിൽ തന്നെ കഴിയേണ്ടതുണ്ട്. പന്ത്രണ്ടാംക്ലാസ് വരെയുള്ള ഗൈഡൻസ് & കൗൺസലിംഗ്, പാഠ്യപദ്ധതിയുടെ തന്നെ ഒരുഫോക്കസ് മേഖലയായി ഇപ്പോൾ അംഗീകരിച്ചിരിക്കുന്നതിനാൽ എസ്.സി.ഇ.ആർ.ടി.യുടെ മേൽനോട്ടം ഇതിനാവശ്യമാണ്. സ്കൂളുകളിലെ ആവശ്യകതക്കനുസരിച്ചുള്ള പിന്തുണയും ഇടപെടലും നടത്തേണ്ടത് സമഗ്രശിക്ഷാ കേരളമാണ്. പ്രോജക്ടിന്റെഭാഗമായി അതിന് ഫണ്ടും ലഭ്യമാണെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ ഹയർസെക്കന്ററിയുടെ ഭാഗമായി ഇപ്പോൾ നിലനിൽക്കുന്ന ഗൈഡൻസ് & കൗൺസലിംഗ് സെല്ലിന്റെ പ്രവർത്തനം ഹൈസ്കൂൾ വിഭാഗത്തിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടതും എസ്.സി.ഇ.ആർ.ടി.യുടെയും എസ്.എസ്.കെ.യുടെയും പങ്കാളിത്തത്തോടെ വിപുലീകരിക്കേണ്ടതുമാണ്. ഹയർസെക്കന്ററിയിൽ ഇപ്പോൾ അംഗീകരിച്ചിട്ടുള്ള കേരള ഡിഫറൻഷ്യൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (K-DAT) ഔദ്യോഗികമായി ഒരുവിദഗ്ധസമിതി അംഗീകരിച്ചതാണോ എന്ന് വിലയിരുത്തിയശേഷം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ അത് നടത്താവുന്നതാണോയെന്ന വിദഗ്ധാഭിപ്രായം തേടാവുന്നതും അതിന്റെയടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ധാരണ നൽകാവുന്നതുമാണ്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) വികസിപ്പിച്ചിട്ടുള്ള കേരള സ്കൂൾ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (K-SAT) ഉപയോഗിക്കുന്നതിനെക്കുറിച്ചും പരിശോധിക്കാവുന്നതാണ്. പ്ലസ് വൺ പ്രവേശനത്തിൽ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന് ശാസ്ത്രീയമായ രീതിയിലുള്ള മുന്നറിവ് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകുന്നതിന് വരുംവർഷങ്ങളിൽ കഴിയേണ്ടതാണ്.

2. സ്കോൾ കേരളയിലൂടെ രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്നതിനുള്ള സാധ്യത നിലനിർത്തേണ്ടത് ആവശ്യമാണ്. ഉയർന്ന നിലവാരമുള്ള വിദ്യാർത്ഥികൾ വരെ സ്കോൾകേരളയിൽ രജിസ്റ്റർചെയ്ത് പഠനം പൂർത്തിയാക്കുന്ന സാഹചര്യം ഇപ്പോൾ

നിലവിലുണ്ട്. കലാപ്രവർത്തനങ്ങളിലൂൾപ്പെടെയുള്ള മേഖലകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന വിദ്യാർത്ഥികൾ അങ്ങനെ പഠിക്കുന്നുണ്ട്. നിശ്ചിതശതമാനം വിദ്യാർത്ഥികളെങ്കിലും റഗുലർ സ്കീമിന് പുറത്ത് പഠിക്കാനാഗ്രഹിക്കുന്നവരാണ്. അതിനാൽ സ്കോൾ കേരളസംവിധാനത്തിന്റെ ആവശ്യകതയുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നരീതിയിലുള്ള വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ആവശ്യവുമാണ്. ഓരോവർഷവും പത്താംക്ലാസ് ജയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വ്യത്യാസം വരുന്നതിനാൽ മുഴുവൻ വിദ്യാർത്ഥികളും ഹയർസെക്കന്ററിയിലെ റഗുലർബാച്ചുകളിൽ തന്നെ പഠിക്കണമെന്ന നിലയിലുള്ള വാദഗതികൾ പൂർണമായും ശരിയല്ല. സ്കോൾ കേരളയിൽ മിനിമം രജിസ്ട്രേഷൻ നടക്കാതെ പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടിവന്നാൽ അതും കേരളത്തിന്റെ വിദ്യാഭ്യാസനിലവാരത്തെ ബാധിക്കുന്നതായി മാറാം. ഇപ്പോൾ ധാരാളം വിദ്യാർത്ഥികൾ നാഷണൽ ഓപ്പൺ സ്കൂളിൽ രജിസ്റ്റർചെയ്ത് പരീക്ഷ എഴുതുന്നുണ്ട്. രണ്ട് വർഷകാലയളവ് പൂർത്തിയാക്കാതെ ഒറ്റപ്പരീക്ഷയെഴുതി സർട്ടിഫിക്കറ്റുകളുമായി വരുന്നവർക്ക് തുല്യതകൊടുക്കേണ്ടതായ സാഹചര്യം നിലനിൽക്കുന്നു. സ്കോൾകേരള നിലനിന്നില്ലെങ്കിൽ നാഷണൽ ഓപ്പൺസ്കൂളിലേക്ക് പോകുന്നവരുടെ എണ്ണം വർധിക്കുന്നതിന് കാരണമാകും. അത് കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെയും പാഠ്യപദ്ധതി ഉള്ളടക്കങ്ങളുടെ കാര്യത്തിൽ മതനിരപേക്ഷ കാഴ്ചപ്പാടുകളെയും ബാധിക്കുന്നതായി മാറും. അതിനാൽ സ്കോൾകേരളയിൽ നിശ്ചിതശതമാനം രജിസ്ട്രേഷൻ നടക്കുന്ന സാഹചര്യം നിലനിർത്തേണ്ടതുണ്ട്. സർവകലാശാലകളിൽ നിന്ന് പ്രീഡിഗ്രി ഡീലിങ്ക് ചെയ്തെങ്കിലും അതിന് തത്തുല്യമെന്ന നിലയിൽ അഫ്സൽഉലുമ, അദിബി ഫസിൽ പോലുള്ള ഡിപ്ലോമകോഴ്സുകൾ ഇപ്പോഴും തുടരുന്നുണ്ട്. പിന്നീട് ഈ കോഴ്സുകൾക്ക് ഹയർസെക്കന്ററി തുല്യത അനുവദിക്കാൻ സർക്കാർ ഉത്തരവുകൾ നൽകുന്നുമുണ്ട്. ഹയർസെക്കന്ററിക്ക് തുല്യമായ ഇത്തരംകോഴ്സുകൾ സ്കോൾകേരളയിലാണ് ഇനി അനുവദിക്കേണ്ടതെന്ന കാര്യം കമ്മിറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. ഹയർസെക്കന്ററിയിൽ പാർട്ട് 1ൽ ഇംഗ്ലീഷ്, പാർട്ട് 2ൽ മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം, ഉറുദു തുടങ്ങിയ ഉപഭാഷകളിലൊന്ന് എന്നീ രണ്ട് വിഷയങ്ങൾക്കൊപ്പം പാർട്ട് മൂന്നിൽ നാല് വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിഷയകോമ്പിനേഷനുകളാണ് നിലവിൽ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ളത്. ഈ വിഷയങ്ങളെല്ലാം പഠിക്കുന്നതിന് വേണ്ടി വിദ്യാർത്ഥികൾ രാവിലെ 9 മണി മുതൽ വൈകിട്ട് 4.45 മണിവരെ ക്ലാസ് മുറികളിൽ തുടർച്ചയായി ഇരിക്കേണ്ടിവരുന്നു. ഉച്ചഭക്ഷണസമയത്ത് അരമണിക്കൂർ മാത്രമാണ് ഇടവേള ലഭിക്കുന്നത്. ലൈബ്രറി ഉപയോഗിക്കൽ, സ്കൂൾ പാർലമെന്റ്-ക്ലബ് പ്രവർത്തനങ്ങൾ, സാമൂഹ്യഇടപെടലുകൾ, കായികപരിശീലനം എന്നിവയൊന്നും സാധ്യമാകുന്നില്ല. ഇത് ശരിയായജനാധിപത്യബോധത്തോടെ വളർന്നുവരേണ്ട കൗമാരപ്രായക്കാരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കിടയിൽ മാനസികപ്രശ്നങ്ങൾ വളരുന്നതിനും മയക്കമരുന്നുകളുടെയൊക്കെ സ്വാധീനവലയത്തിലാകുന്നതിനും ഇത് കാരണമാകുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മിറ്റികരുതുന്നു. നാല് വിഷയകോമ്പിനേഷനുകൾ എന്നത് മൂന്ന് വിഷയങ്ങളാക്കി കുറക്കേണ്ടതാണ്. അധികബാച്ചുകളിലെ തസ്തികസൃഷ്ടിക്കുമ്പോൾ മൂന്ന് വിഷയങ്ങളാക്കുന്നതിന്റെ ഭാഗമായി അധികംവരുന്ന അധ്യാപകരെ പുനർവിന്യസിക്കാൻ കഴിയും. പാഠ്യപദ്ധതിപരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് വിഷയകോമ്പിനേഷനെന്ന തീരുമാനം നടപ്പിലാക്കാൻ കഴിയുന്നതാണ്. ഒരു വിഷയം അധികംപഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് സ്കോൾകേരളയിൽ രജിസ്റ്റർചെയ്ത് പഠിക്കാനും പരീക്ഷയെഴുതാനും അവസരം നൽകാം. പുതിയ നാഷണൽ കരിക്കുലം ഫ്രയിംവർക്ക് കൂടിപരിഗണിച്ച് കേരളത്തിന്റെ സാഹചര്യത്തിൽ പാഠ്യപദ്ധതി പരിഷ്കരണം എപ്രകാരം നടപ്പിലാക്കണമെന്ന് തീരുമാനിക്കേണ്ടതുമുണ്ട്. വൊക്കേഷണൽ വിദ്യാഭ്യാസത്തിന്റെ ഇന്റഗ്രേഷനും

പൊതുവിദ്യാഭ്യാസഏകീകരണവുമൊക്കെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഹയർസെക്കന്ററി തലം പുനഃസംഘടിപ്പിക്കുമ്പോൾ പ്രാദേശികമായ അസന്തുലിതാവസ്ഥയുടെ പൂർണപരിഹാരത്തിന് സാധ്യതയുണ്ട്. അതുവരെ താൽക്കാലിക ബാച്ചുകളും ഗസ്റ്റ് അധ്യാപകരുമെന്ന രീതിയിൽ അധിക ആവശ്യകതകൾക്ക് അതാത് വർഷം പരിഹാരം കാണണമെന്ന നിർദേശം കമ്മിറ്റി മുന്നോട്ടുവെക്കുന്നു.

- **ഹയർസെക്കന്ററി ബാച്ച് പുനക്രമീകരണ കമ്മിറ്റി ഇപ്പോൾ സമർപ്പിക്കുന്ന റിപ്പോർട്ട് ഹയർസെക്കന്ററി വിദ്യാഭ്യാസത്തെ ശരിയായ രീതിയിൽ ചിട്ടപ്പെടുത്തുന്നതിനുള്ള മറ്റൊരുഘട്ടമായി കാണേണ്ടതാണ്. പരീക്ഷണാടിസ്ഥാനത്തിൽ ഈ വർഷം മാറ്റങ്ങൾ നടപ്പിലാക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ഈ അനുഭവത്തിത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ക്രമീകരണങ്ങളും മാറ്റങ്ങളും ആവശ്യമായി വന്നേക്കാമെന്ന കാര്യം കമ്മിറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.**

പന്ത്രണ്ടാം ക്ലാസ് വരെയുള്ള പൊതുവിദ്യാഭ്യാസത്തെ ഒരുപോലെ പരിഗണിക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന കാര്യം പ്രധാനമാണെന്ന് ഈ കമ്മിറ്റി കാണുന്നു. കേരളത്തിന്റെ സാമൂഹ്യാവബോധവും രാഷ്ട്രീയപ്രബുദ്ധതയും നിർണയിക്കുന്നതിൽ പൊതുവിദ്യാഭ്യാസമേഖലയുടെ പ്രാധാന്യം വളരെവലുതാണ്. പൊതുവിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നതും ഇതരസിലബസുകളിൽ വിദ്യാർത്ഥികൾ വർധിച്ച് വന്നതും കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ പുരോഗമന ചിന്താഗതിയുള്ളവർ ആശങ്കയോടെ കണ്ടിരുന്നതാണ്. സാമ്പത്തികഘടകങ്ങൾ പരിശോധിക്കുമ്പോൾ തൊഴിൽ നഷ്ടമായ അധ്യാപകരെ സംരക്ഷിക്കേണ്ടതായ ബാധ്യതകൂടി ഏറ്റെടുക്കേണ്ടി വരികയും ചെയ്തിരുന്നു. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന സർക്കാർ മിഷൻ വലിയ സ്വീകാര്യത നേടുകയും ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് തിരികെ എത്തിക്കുന്നതിന് കഴിയുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി

ആറായിരത്തിൽപ്പരം പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയുന്നത് നേട്ടമായി അവതരിപ്പിക്കുമ്പോൾ ഹയർസെക്കന്ററിവിഭാഗത്തിലും അതേമാനദണ്ഡം പാലിക്കപ്പെടണമെന്ന് കരുതുന്നു. പത്താംക്ലാസ് കഴിയുന്ന മുഴുവൻപേർക്കും ഹയർസെക്കന്ററിയിലെ റെഗുലർബാച്ചുകളിൽ പഠിക്കാൻ കഴിയുന്നവിധം സ്കൂളുകൾ ഉണ്ടാവണമെന്ന വാദത്തിന് പ്രസക്തിയില്ലെന്ന് ഈ കമ്മിറ്റിക്ക് ബോധ്യമുണ്ട്. അത് വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ നിഷേധിക്കാനാവാത്ത വസ്തുതകൾ പരിഗണിച്ച് ആവശ്യമുള്ളമേഖലകളിൽ ഹയർസെക്കന്ററിബാച്ചുകളും തസ്തികകളും അനുവദിക്കേണ്ടത് പൊതുവിദ്യാഭ്യാസസംരക്ഷണത്തിന്റെ കാഴ്ചപ്പാടിൽ വലിയൊരു സാമൂഹ്യ-രാഷ്ട്രീയ ബാധ്യത കൂടിയാണെന്നകാര്യം ഈ കമ്മിറ്റി ശ്രദ്ധയിൽപ്പെടുത്തുന്നു. കേരളത്തിന്റെ മതനിരപേക്ഷമൂല്യങ്ങൾക്കും പുരോഗമനചിന്താഗതികൾക്കും യോജിക്കുന്ന തരത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുള്ള അവസരംനൽകേണ്ടത് ഭാവികേരളത്തെ നിർണയിക്കുന്നതിൽ പ്രധാനമാണെന്നതിനാൽ ഇക്കാര്യം ഗൌരവമായി പരിഗണിക്കണമെന്ന് കമ്മിറ്റിനിർദേശിക്കുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തോടൊപ്പം ഹയർസെക്കന്ററിയിൽ പഠിക്കുന്നതിന് പരമാവധി അവസരംനൽകേണ്ടതും മറ്റ് സിലബസുകളിലേക്ക് വിദ്യാർത്ഥികൾ പോകാതിരിക്കേണ്ടതും കേരളത്തിന്റെ സമകാലിക സാമൂഹ്യസാഹചര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിനെ അതിന്റെയടിസ്ഥാനത്തിൽ കൂടി വിലയിരുത്തി സർക്കാർതലത്തിൽ നയപരമായ തീരുമാനങ്ങളിലേക്ക് പോകണമെന്ന് അഭ്യർത്ഥിക്കുന്നു

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കന്ററിയിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളുടെ പുന:ക്രമീകരണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

സ.ഉ.(സാധാ) നം:8329/2022/GEDN തീയതി,തിരുവനന്തപുരം, 22-12-2022

---

<u>ഉത്തരവ്</u>

2022-23 വർഷത്തെ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശന നടപടികൾ അവസാനിച്ചപ്പോൾ 71 സർക്കാർ സ്കൂളുകളിലെ 92 ബാച്ചുകളും 16 എയ്ഡഡ് സ്കൂളുകളിലെ ബാച്ചുകളും 25-ൽ താഴെ വിദ്യാർത്ഥികളുള്ള മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ പലയിടത്തും ആവശ്യമായ സീറ്റുകൾ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ സ്കൂൾ പ്രവേശനത്തിന് പ്രയാസപ്പെടുന്ന സാഹചര്യവുമുണ്ട്.പല സ്കൂളുകളിലും എസ്.എസ്.എൽ.സി വിജയിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായല്ല ഹയർ സെക്കണ്ടറി സീറ്റുകൾ ഉള്ളത്. ഹയർ സെക്കണ്ടറി കോഴ്സ് നിലവിൽ ഇല്ലാത്ത ഹൈസ്കൂളുകളും ഉണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടുത്ത വർഷത്തെ ഒന്നാം വർഷ ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികളിലേക്ക് പോകുന്നതിനാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളെ സംബന്ധിച്ചും അതിന്റെ പുന:ക്രമീകരണം സംബന്ധിച്ചും. അടിയന്തര പഠനം നടത്തുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രൊഫ .വി.കാർത്തികേയൻ നായർ

(മുൻ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം) - ചെയർമാൻ

2. ശ്രീ. ബി.അബുരാജ് ( ഡയറക്ടർ, SIET) - കമ്മിറ്റി അംഗം

3. ഡോ.പി.എം. അനിൽ - കമ്മിറ്റി അംഗം

(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, കോഴിക്കോട്)

4.ശ്രീ. അശോക് കുമാർ - കമ്മിറ്റി അംഗം

(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, ചെങ്ങന്നൂർ)

5.ശ്രീ. ആർ.സുരേഷ് കുമാർ

(ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി) -മെമ്പർ സെക്രട്ടറി

<u>കമ്മിറ്റിയുടെ പഠന വിഷയങ്ങൾ</u>

കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷാ വിജയം, സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള ബോർഡുകളിൽ നിന്ന് പ്ലസ് വൺ പ്രവേശനം നേടുന്നവരുടെ ശരാശരി അപേക്ഷകരുടെ എണ്ണം, അഡ്മിഷൻ സ്റ്റാറ്റസ് എന്നിവ പരിഗണിച്ചുകൊണ്ട് പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

- വിദ്യാർത്ഥികൾ കുറവുള്ള ഹയർ സെക്കന്ററി ബാച്ചുകൾ ഉണ്ടെങ്കിൽ സ്വീകരിക്കേണ്ടതായ നടപടികൾ
- നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സ് കോമ്പിനേഷനുകളിൽ പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് മാറ്റങ്ങൾ ആവശ്യമുണ്ടോയെന്നത് സംബന്ധിച്ച കാര്യങ്ങൾ
- സ്ഥിരമായി അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളതും വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറഞ്ഞതുമായ ബാച്ചുകളിലും കോഴ്സ് കോമ്പിനേഷൻ മാറേണ്ടതുണ്ടെങ്കിൽ അത്തരം ബാച്ചുകളിലും സ്വീകരിക്കേണ്ട നടപടികൾ
- പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നതും പുതുതായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടോയെന്നതും സംബന്ധിച്ച്
- ഇതുവരെ തസ്തിക നിർണ്ണയം നടത്തിയിട്ടില്ലാത്ത ബാച്ചുകൾ നിലനിൽക്കുന്ന സ്കൂളുകളിൽ സ്വീകരിക്കേണ്ട നടപടികൾ
- താൽക്കാലിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിലും ,ബാച്ചുകൾ ട്രാൻസ്ഫർ ചെയ്ത് ലഭിച്ച സ്കൂളുകളിലുമുള്ള അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചും , ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചും
- ഏകജാലക പ്രവേശന രീതികളിൽ മാറ്റങ്ങളാവശ്യമുണ്ടോയെന്നത് സംബന്ധിച്ചും
- ഹയർസെക്കന്ററി അൺ എയിഡഡ് സ്കൂളുകളിലെ ബാച്ചുകൾ പുനഃക്രമീകരിക്കേണ്ടതുണ്ടോയെന്നും, പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും, സ്കൂളുകൾ നിർത്തലാക്കുക അഥവാ പുതുതായി അനുവദിക്കുക എന്നത് സംബന്ധിച്ചും,എയിഡഡ് സ്കൂളുകളിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകൾ തുടരേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം,തിരുവനന്തപുരം.
കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള ,തിരുവനന്തപുരം.
ഡയറക്ടർ ,എസ്.സി.ഇ. ആർ.ടി, തിരുവനന്തപുരം.
ഡയറക്ടർ ,സീമാറ്റ് കേരള,തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ,കൈറ്റ് ,തിരുവനന്തപുരം. (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 22-12-2022 13:23:41
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ


| Combination Change New List | | | | | |
|---|---|---|---|---|---|
| Sl.No. | District | School Code | School Name | Need | Remarks |
| 1 | Pathanamthitta | 3082 | GHSS Mangode | Combination Change AFS to CA | No financial burden |
| 2 | Alappuzha | 4091 | GVVHSS Kodamthuruth | Combination Change AFS to CA | No financial burden |
| 3 | Idukki | 6026 | St. George HSS Kattappana | Combination Change 38 to 36 | Teacher retiring Nofinancial Burden |
| 4 | Idukki | 6054 | GHSS Marayoor | Combination Change AFS to CA | No financial burden |
| 5 | Idukki | 6061 | Panchayath HSS Elappara | Combination Change AFS to CA | No financial burden |
| 6 | Ernakulam | 7090 | St. Augustine's.G HSS Muvatupuzha | Combination Change political Science to CA | No financial burden |
| 7 | Thrissur | 8062 | St. Antony's HSS Puthukkad | Combination Change AFS to CA | No financial burden |
| 8 | Palakkad | 9009 | GMMGHSS Palakkad | Combination Change AFS to CA | No financial burden |
| 9 | Palakkad | 9027 | GHSS Ganeshgiri | Combination change 1 to 2 | No financial Burden |
| 10 | Palakkad | 9043 | TRK HSS Vaniyamkulam | Combination change 45 to 11 | Teacher retiring |
| 11 | Palakkad | 9077 | GT HSS Sholayur | Combination Change AFS to CA | No financial burden |
| 12 | Kozhikode | 10137 | GHSS Kunduparamba | Combination Change AFS to CA | No financial burden |
| 13 | Malappuram | 11165 | Kelappan memorial GVHSS Thavanoor | Combination Change AFS to CA | No financial burden |
| 14 | Kannur | 13146 | Rajiv Gandhi HSS Mokeri | Combination Change 36 to 39 | No financial burden |
| 15 | Kaasargod | 14022 | HHSIBSwamiji's HSS Edaneer | Combination Change 26 to 10 | No financial burden |

| Sl No | District | No. of batches Govt | No. of batches Aided | Total batches | Total Admission | Avg admission per batch | No. of batches Unaided | Admission in Unaided batch | Avg admission per unadied batch |
|---|---|---|---|---|---|---|---|---|---|
| 1 | Trivandrum | 260 | 239 | 499 | 29650 | 59.42 | 129 | 3631 | 28.15 |
| 2 | Kollam | 205 | 252 | 457 | 25654 | 56.14 | 77 | 1671 | 21.70 |
| 3 | Pathnamthitta | 82 | 175 | 257 | 10756 | 41.85 | 40 | 596 | 14.90 |
| 4 | Alappuzha | 138 | 278 | 416 | 19695 | 47.34 | 38 | 1114 | 29.32 |
| 5 | Kottayam | 106 | 276 | 382 | 18629 | 48.77 | 62 | 2012 | 32.45 |
| 6 | Idukki | 82 | 124 | 206 | 9426 | 45.76 | 31 | 988 | 31.87 |
| 7 | Ernakulam | 194 | 341 | 535 | 29857 | 55.81 | 116 | 3049 | 26.28 |
| 8 | Thrissur | 224 | 333 | 557 | 31663 | 56.85 | 100 | 2196 | 21.96 |
| 9 | Palakkad | 272 | 225 | 497 | 30621 | 61.61 | 83 | 2112 | 25.45 |
| 10 | Malappuram | 483 | 387 | 870 | 55203 | 63.45 | 226 | 7335 | 32.46 |
| 11 | Kozhikode | 278 | 324 | 602 | 37265 | 61.90 | 93 | 2250 | 24.19 |
| 12 | Wayanad | 102 | 59 | 161 | 10017 | 62.22 | 16 | 684 | 42.75 |
| 13 | Kannur | 300 | 216 | 516 | 31397 | 60.85 | 49 | 1088 | 22.20 |
| 14 | Kasargod | 172 | 73 | 245 | 14904 | 60.83 | 41 | 1149 | 28.02 |
| | | 2898 | 3302 | 6200 | 354737 | 55.91 | 1101 | 29875 | 27.26 |

There are 107 batches with less than 25 students and 275 batches with students range b/w 25 and below 50

Reducing the same from the above calculated value,

**In higher secondary, there are 50549 students studying in marginal increased seats in 5818 batches which is equal to 1011 additional batches**



# പഠന റിപ്പോർട്ട്

## മേയ് 2023